## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 91 — 24-02-09 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. എ.സി.മൊയ്തീൻ<br>ശ്രീ. എം.ജെ.ജേക്കബ്<br>ശ്രീ. എം.ഹംസ | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(1) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 11 പുതിയ റെയ്ഞ്ച് ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും ഇതുമായി ബന്ധപ്പെട്ട് 278 തസ്തികകൾ പുതുതായി അനുവദിക്കുകയും ചെയ്തു.<br><br>(2) തൃശൂരിൽ പ്രവർത്തനം ആരംഭിച്ച എക്സൈസ് അക്കാഡമി ആന്റ് റിസേർച്ച് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. എക്സൈസ് വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നല്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കുള്ള കായിക പരിശീലനം തൃശ്ശൂർ പോലീസ് അക്കാഡമിയിൽ നടന്നു വരുന്നു.<br><br>(3) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി എക്സൈസ് സർക്കിൾ ഓഫീസുകൾ വരെയുള്ള ആഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചു.<br><br>(4) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 10 വർഷത്തിനുമേൽ പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിന്റെ ഭാഗമായി 94 പുതിയ ജീപ്പുകളും 30 മോട്ടോർ സൈക്കിളു |

കളും വാങ്ങി വിവിധ ഓഫീസുകൾക്ക് അനുവദിച്ചിട്ടുള്ളതും അവശേഷിക്കുന്ന വാഹനങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നതുമാണ്.

(5) എക്സൈസ് ആസ്ഥാന മന്ദിരം പണിത് അവിടെ പ്രവർത്തനം ആരംഭിച്ചു.

(6) എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് ആയുധങ്ങൾ നല്കുന്നതിനുള്ള നടപടികളുടെ ഭാഗമായി അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള മുഴുവൻ ഉദ്യോഗസ്ഥന്മാർക്കും ആയുധ പരിശീലനം നല്കിയിട്ടുണ്ട്.

(7) എക്സൈസ് ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കുറ്റമറ്റമാക്കുന്നതിലേയ്ക്കായി മേജർ ചെക്ക് പോസ്റ്റുകളുടെ ചുമതല എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ നിയന്ത്രണത്തിലാക്കുകയും ചെക്ക് പോസ്റ്റുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു.

(8) എക്സൈസ് വകുപ്പിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എക്സൈസ് ഡിവിഷൻ ഓഫീസുകളുടെ മേൽനോട്ടത്തിനായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ പുതുതായി നിയമിക്കുകയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് ജില്ലാതല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല നല്കുകയും ചെയ്തു.

(9) സ്വന്തമായി കെട്ടിട സൗകര്യം ഇല്ലാത്ത ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(10) മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റേയും മാജിക് അക്കാഡമിയുടേയും ആഭിമുഖ്യത്തിൽ രണ്ടാഴ്ച നീണ്ടു നിൽക്കുന്ന ബോധവൽക്കരണ പരിപാടികൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു.

| | |
|---|---|
| ബി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം പുതുതായി എത്ര റേഞ്ച് ഓഫീസുകൾ പ്രവർത്തനമാരംഭിച്ചു എന്ന് അറിയിക്കുമോ ; | ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം പുതുതായി 11 റേഞ്ച് ആഫീസുകൾ പ്രവർത്തനം ആരംഭിച്ചു. |
| സി) എൻഫോഴ്സ്മെന്റ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | സി) എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതുതായി 11 റെയിഞ്ച് ഓഫീസുകൾ അനുവദിക്കുകയും 278 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ചെയ്തു. ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കുറ്റമറ്റതാക്കുന്നതിലേയ്ക്കായി മേജർ ചെക്ക് പോസ്റ്റുകൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ കീഴിലാക്കി. ചെക്ക് പോസ്റ്റുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചു. എക്സൈസ് വകുപ്പിന്റെ ജില്ലാതല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എക്സൈസ് ഡിവിഷൻ ഓഫീസുകളുടെ മേൽനോട്ടത്തിനായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ പുതുതായി നിയമിക്കുകയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് ജില്ലാതല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല നല്കുകയും ചെയ്തു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി 10 വർഷത്തിനുമേൽ പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിന്റെ ഭാഗമായി 94 പുതിയ ജീപ്പുകളും 30 മോട്ടോർ സൈക്കിളുകളും അനുവദിച്ചു. വ്യാജമദ്യം, മയക്കുമരുന്ന്, സ്പിരിറ്റ് എന്നിവയുടെ കടത്ത് തടയുന്നതിലേയ്ക്കായി അതിർത്തി പ്രദേശങ്ങൾ ഉൾപ്പെട്ട ജില്ലകളിൽ മൊബൈൽ പട്രോളിംഗ് യൂണിറ്റുകൾ ഏർപ്പെടുത്തി. ജനകീയ പങ്കാളിത്തത്തോടെ വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉൽപാദനം, വിപണനം, ഉപഭോഗം എന്നിവ തടയുന്നതിനായി സംസ്ഥാന, ജില്ലാ, താലൂക്ക്, പഞ്ചായത്ത് തല സമിതികൾ രൂപീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. |
| ഡി) എക്സൈസ് വകുപ്പ് നവീകരിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതികൾ വിശദമാക്കുമോ ? | ഡി) എക്സൈസ് വകുപ്പ് നവീകരണത്തിന്റെ ഭാഗമായി 11 പുതിയ റേഞ്ച് ആഫീസുകൾ അനുവദിക്കുകയും 278 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ചെയ്തു. 10 വർഷത്തിനുമേൽ പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിന്റെ ഭാഗമായി 94 പുതിയ |

| | | |
|---|---|---|
| | | വാഹനങ്ങൾ വിവിധ ആഫീസുകൾക്ക് അനുവദിച്ചു. മേജർ എക്സൈസ് ചെക്ക് പോസ്റ്റുകൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ കീഴിലാക്കുകയും ചെക്ക് പോസ്റ്റുകളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. എക്സൈസ് വകുപ്പിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എക്സൈസ് ഡിവിഷൻ ഓഫീസുകളുടെ മേൽനോട്ടത്തിനായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ പുതുതായി നിയമിക്കുകയും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് ജില്ലാതല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല നല്കുകയും ചെയ്തു. എക്സൈസ് സർക്കിൾ ഓഫീസുകൾ വരെയുള്ള ആഫീസുകൾക്ക് നവീകരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചു. എക്സൈസ് വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നല്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്കുള്ള കായിക പരിശീലനം തൃശൂർ പോലീസ് അക്കാദമിയിൽ നടന്നു വരുന്നു. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത ഓഫീസുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ) | കഴിഞ്ഞ ക്രിസ്മസ് നവവത്സരാഘോഷങ്ങളോടനുബന്ധിച്ച് സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യവില്പനയും തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | ഇ) കഴിഞ്ഞ ക്രിസ്തുമസ് നവവത്സരാഘോഷവേളയിൽ സ്പിരിറ്റ് കള്ളക്കടത്തും വ്യാജമദ്യ വില്പനയും തടയുന്നതിന് പ്രത്യേക മുൻകരുതൽ നടപടികളാണ് എടുത്തിരുന്നത്. 01-12-2008 മുതൽ 05-01-2009 വരെയുള്ള കാലയളവിനെ സ്പെഷ്യൽ ഡ്രൈവ് പീരിയഡായി പ്രഖ്യാപിക്കുകയും ആ സമയത്ത് കർശന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. 22-11-2008 ലെ എക്സ്.എ.3-28587/08 കത്ത് മുഖാന്തിരം സംസ്ഥാനത്തെ എക്സൈസ് ഉന്നത ഉദ്യോഗസ്ഥർക്ക് ക്രിസ്തുമസ് പുതുവർഷാഘോഷ കാലയളവിൽ ഉണ്ടായേക്കാവുന്ന വ്യാജമദ്യത്തിന്റെ ഉത്പാദനം, ശേഖരണം, വിതരണം, മുതലായവ തടയുന്നതിനായി എൻഫോഴ്സ്മെന്റ് തലത്തിൽ മുന്നൊരുക്കങ്ങൾ നടത്തുന്നതിനായി നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. തുടർന്ന് എൻഫോഴ്സ്മെന്റ് ചുമതല വഹിക്കുന്ന അഡീഷണൽ എക്സൈസ് കമ്മീഷണറുടെ 22-11-2008 ലെ എക്സ്.ജെ.3-4498 നമ്പർ സർക്കുലർ മുഖാന്തിരം മേൽ സൂചിപ്പിച്ച കാലയളവിൽ എടുക്കേണ്ട എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ നിർദ്ദേശം നൽകിയിരുന്നു. ആയ |

തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഡിവിഷൻ ഓഫീസുകളിലും ഈ കാലയളവിൽ ഒരു എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പാർട്ടിയും എല്ലാ ഡിവിഷനുകളിലും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ് പാർട്ടിയും എല്ലാ സർക്കിൾ ഓഫീസുകളിലും ഒരു എക്സൈസ് ഇൻസ്പെക്ടർ/ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള താലൂക്ക് കൺട്രോൾ റൂം പാർട്ടിയും പ്രവർത്തിച്ചിട്ടുണ്ട്.

ഇൻഫർമേഷൻ ശേഖരിക്കുന്നതിനായി എല്ലാ റെയ്ഞ്ച് ഓഫീസുകളിലും രണ്ടു പേരിൽ കുറയാത്ത ഇന്റലിജൻസ് ടീം രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ, താലൂക്ക് ജനകീയ സമിതികൾ ഈ കാലയളവിൽ യഥാസമയം വിളിച്ചുകൂട്ടി സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു.

പഞ്ചായത്ത്, വില്ലേജ് ജീവനക്കാർ, സർക്കാർ/സർക്കാരിതര സംഘടനകൾ മുതലായവരുടെ സഹായം പ്രയോജനപ്പെടുത്തി പ്രവർത്തിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തുടർച്ചയായി പരിശോധിക്കുകയും വ്യാജ വസ്തുക്കൾ വില്പന നടത്തുന്നില്ലെന്ന് ഉറപ്പു വരുത്തണമെന്നും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംശയാസ്പദമായ പ്രദേശങ്ങളിലും അതിർത്തി പ്രദേശങ്ങളിലും തുടർച്ചയായ പട്രോളിംഗ് നടത്തിയിരുന്നു.

8 മേജർ ചെക്ക് പോസ്റ്റുകളും 21 മൈനർ ചെക്ക് പോസ്റ്റുകളുമാണ് സംസ്ഥാനത്തുള്ളത്. ഈ ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധന കർശനമായി നടത്തണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നു.

നാഷണൽ, സ്റ്റേറ്റ്, മറ്റു പ്രധാനപ്പെട്ട റോഡുകളിൽ രാത്രി കാല പട്രോളിംഗ് ശക്തമായി നടത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു.

Cr PC 107, 110 വകുപ്പുകൾ പ്രകാരമുള്ള മുൻകൂർ നടപടികൾ എടുക്കണമെന്നും, പോലീസ്, ഫോറസ്റ്റ്, റവന്യൂ മുതലായ സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തണമെന്നും നിർദ്ദേശം നൽകിയിരുന്നു.

(ഒപ്പ്)
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:92 24/2/2009 ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

ചോദ്യം
ശ്രീ. എം. പ്രകാശൻ മാസ്റ്റർ
,, ബി.ഡി. ദേവസ്സി
,, കെ.കെ. ദിവാകരൻ
ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
ശ്രീ. കെ.കെ. ജയചന്ദ്രൻ

മറുപടി
ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

എ) പണിനടന്നുവന്ന വൈദ്യുതി പദ്ധതികൾ ത്വരിതപ്പെടുത്തുകയും, പുതിയ പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്ത് വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

1. കുറ്റ്യാടി ടെയിൽ റേസ് 3.75 മെഗാവാട്ട്, നേര്യമംഗലം എക്സ്റ്റൻഷൻ 25 മെഗാവാട്ട് എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തു. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ 100 മെഗാവാട്ട് 2009 മെയ് മാസത്തിൽ പൂർത്തിയാക്കും.

പള്ളിവാസൽ എക്സ്റ്റൻഷൻ 60 മെഗാവാട്ട്, തോട്ടിയാർ 40 മെഗാവാട്ട്, റാന്നി പെരുനാട് 4 മെഗാവാട്ട് എന്നീ പദ്ധതികൾ പണി തുടങ്ങി.

പൂഴിത്തോട് 4.8 മെഗാവാട്ട്, ചെങ്കുളം ഓഗ്മെന്റേഷൻ എന്നിവ ഉടൻ പണിയാരംഭിക്കും. അതിരപ്പള്ളി 163 മെഗാവാട്ട് പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം നേടി ടെണ്ടർ ചെയ്തെങ്കിലും ഹൈക്കോടതിയിൽ കേസ്സ് വന്നതിനാൽ തുടർ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

132 മെഗാവാട്ടിന്റെ 11 പദ്ധതികൾ ഉടൻ ടെണ്ടർ ചെയ്യാൻ കഴിയും. 300 മെഗാവാട്ടിന്റെ 21 പദ്ധതികളുടെ ഡിപിആർ തയ്യാറാക്കി വരുകയാണ്. ഇതു കൂടാതെ 500 മെഗാവാട്ടോളം വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വരുന്ന 10 വർഷത്തിനുള്ളിൽ ഇവയും ഏറ്റെടുക്കാൻ

കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. പാരമ്പര്യേതര ഊർജ്ജ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കാറ്റിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. ഇതിന്റെ ഭാഗമായി പാലക്കാട് അട്ടപ്പാടിയിലും, ഇടുക്കി രാമക്കൽമേട്ടിലുമായി 33.3 മെഗാവാട്ട് വൈദ്യുതി കാറ്റാടി നിലയങ്ങളിൽനിന്നും ഉൽപാദിപ്പിച്ചു. വരുന്ന 2 വർഷത്തിനുള്ളിൽ കുറഞ്ഞത് **100** മെഗാവാട്ട് കാറ്റിൽ നിന്നും ഉൽപാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

3. സ്വകാര്യ മേഖലയിലെ വൈദ്യുതി ഉൽപാദനത്തിനും പ്രോത്സാഹനം നൽകി. പാലക്കാട് സ്വകാര്യ വ്യവസായ സ്ഥാപനത്തോടനുബന്ധിച്ച് 10 മെഗാവാട്ട് ക്യാപ്റ്റീവ്-കോ ജനറേഷൻ പ്ലാന്റ് കമ്മീഷൻ ചെയ്തു. പത്തനംതിട്ട ജില്ലയിൽ സ്വകാര്യ മേഖലയിൽ അള്ളുങ്കൽ ജലവൈദ്യുതി പദ്ധതി (7 മെഗാവാട്ട്) കമ്മീഷൻ ചെയ്തു. കാരിക്കയം (15 മെഗാവാട്ട്), ഇരുട്ടുക്കാനം (3 മെഗാവാട്ട്) എന്നിവയുടെ പണി നടക്കുകയാണ്.

4. കേരളത്തിന് ഒറീസ്സ, ഗുജറാത്ത് സംസ്ഥാനങ്ങളോടൊപ്പം ഒറീസ്സയിലെ ബൈതരണിയിൽ ഒരു കൽക്കരിപ്പാടം കേന്ദ്രസർക്കാർ അനുവദിച്ചു. ഇവിടെ നിന്നും 1000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള കൽക്കരി കേരളത്തിന് കിട്ടും. ഇതിനാവശ്യമായ ഖനന കമ്പനി രൂപീകരിച്ചു. നടപടികൾ ആരംഭിച്ചു.

5. കാസർഗോഡ് ചീമേനിയിൽ 2400 മെഗാവാട്ടിന്റെ ഒരു സൂപ്പർ താപനിലയം സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു. പദ്ധതിക്കാവശ്യമായ 2000 ഏക്കർ ഭൂമി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി) | ഈ പദ്ധതികളിലൂടെ എത്രമാത്രം അധിക വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്; | ബി & സി) | വരുന്ന 10 വർഷത്തിനുള്ളിൽ 4000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ ആവശ്യമായ നടപടികളാണ് നടന്നുവരുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതികൾ എല്ലാം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | | |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ 500 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ ലക്ഷ്യമിട്ടാണ് പ്രവർത്തിക്കുന്നത്. |
| (ഇ) | ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. സംസ്ഥാനത്ത് മൊത്തം പത്തര ലക്ഷത്തോളം പുതിയ കണക്ഷനുകൾ നൽകുകയുണ്ടായി. പുതിയ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ ആരംഭിക്കുകയും പൂട്ടിക്കിടന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുകയും ചെയ്തു. ഇതിന്റെയൊക്കെ ഭാഗമായി ഈ കാലയളവിൽ സംസ്ഥാനത്തിന്റെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 2005-06 ൽ 37.69 മില്യൺ യൂണിറ്റായിരുന്നത് 2007-08 ൽ 41.59 മില്യൺ യൂണിറ്റായി വർദ്ധിച്ചു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 93 — 24.02.2009 ലെ മറുപടിക്ക്

## ജെ.എൻ.എൻ.യു.ആർ.എം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.എം. ദിനേശ്മണി<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ പ്രകാരം കൊച്ചി, തിരുവനന്തപുരം നഗരങ്ങൾക്ക് എത്ര കോടി രൂപയുടെ സിറ്റി ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കി ? | (എ) | ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതി പ്രകാരം തിരുവനന്തപുരം നഗരസഭയ്ക്ക് ഏഴായിരത്തി നാനൂറ്റി പതിനാറ് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം രൂപയുടെ സിറ്റിഡെവലപ്മെന്റ് പ്ലാനും കൊച്ചി നഗരസഭക്ക് പതിനായിരത്തി തൊള്ളായിരത്തി അമ്പത്തിമൂന്ന് കോടി നാൽപ്പത്തി അഞ്ച് ലക്ഷം രൂപയുടെ സിറ്റി ഡെവലപ്മെന്റ് പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇതിൽ കേന്ദ്ര ഗവൺമെന്റ് എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | തിരുവനന്തപുരം നഗരസഭയുടെ എഴുന്നൂറ്റി അമ്പത് കോടി എൺപത്തി ഏഴ് രൂപയുടെ പദ്ധതികൾക്കും കൊച്ചി നഗരസഭയുടെ എഴുന്നൂറ്റി ഇരുപത്തി മൂന്ന് കോടി പതിനാറ് ലക്ഷം രൂപയുടെ പദ്ധതികൾക്കും കേന്ദ്രാനുമതി ലഭിച്ചു. |

| തിരുവനന്തപുരം നഗരസഭ | | |
|---|---|---|
| 1 | ശുദ്ധജലവിതരണ പദ്ധതിയുടെ നവീകരണം | 87.16 കോടി |
| 2 | മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ നവീകരണം | 215.41 കോടി |
| 3 | ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി- വിളപ്പിൽശാല | 24.56 കോടി |
| 4 | ഉപരിതല ജലനിർഗ്ഗമന പദ്ധതി – തമ്പാനൂർ വെള്ളക്കെട്ട് | 41.00 കോടി |
| 5 | മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ രണ്ടാം ഘട്ടം- വിളപ്പിൽശാല രണ്ടാം ഘട്ടം | 121.00 കോടി |
| 6 | യാത്രാബസ്സ് വാങ്ങുന്നതിന് | 54.00 കോടി |
| 7 | ബി.എസ്.യു.പി- നാല് ഘട്ടങ്ങൾ | 207.74 കോടി |
| | ആകെ – തിരുവനന്തപുരം | 750.87 കോടി |

| | | |
|---|---|---|
| കൊച്ചി നഗരസഭ | | |
| 8 | ശുദ്ധജലവിതരണ സംവിധാനം നവീകരണം | 201.17 കോടി |
| 9 | മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ നവീകരണം | 78.41 കോടി |
| 10 | ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി | 88.12 കോടി |
| 11 | ഉപരിതല ജലനിർഗ്ഗമന സംവിധാനം മെച്ചപ്പെടുത്തൽ | 9.78 കോടി |
| 12 | ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ പദ്ധതി | 139.00 കോടി |
| 13 | യാത്രാബസ്സ് വാങ്ങുന്നതിന് | 71.00 കോടി |
| 7 | ബി.എസ്.യു.പി- മൂന്ന് ഘട്ടങ്ങൾ | 135.66 കോടി |
| **ആകെ- കൊച്ചി** | | **723.14 കോടി** |
| **മൊത്തം (തിരുവനന്തപുരം + കൊച്ചി)** | | **1474.03 കോടി** |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കി പദ്ധതികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | തിരുവനന്തപുരം നഗരസഭയുടെ ഉപരിതല ജലനിർഗ്ഗമന പദ്ധതിയും ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ രണ്ടാം ഘട്ടവും ഒഴികെയുള്ള എല്ലാ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയും നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി നഗരസഭയുടെ ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ പദ്ധതി ഒഴികെയുള്ള മറ്റ് പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 94 | 24.02.2009-ൽ മറുപടിയ്ക്ക്

## വൈദ്യുതി പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. വി. ശശികുമാർ :<br>ശ്രീമതി.കെ.എസ്. സലീഖ :<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ശക്തമായ ഹ്രസ്വകാല, ദീർഘകാല നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.ഹ്രസ്വകാല നടപടികളുടെ ഭാഗമായി വൈദ്യുതി സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. ഇതിന്റെ ഭാഗമായി വൈദ്യുതി സംരക്ഷണ സന്ദേശം വ്യാപകമായി പ്രചരിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. ദൃശ്യ മാധ്യമങ്ങളടക്കമുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ ഊർജ്ജ സംരക്ഷണ സന്ദേശം പ്രചരിപ്പിച്ചു. ഇത്തരം നടപടികളിലൂടെ പീക്ക് ലോഡ് സമയത്ത് ഉദ്ദേശം 150 മെഗാവാട്ടോളം വൈദ്യുതി ഉപഭോഗം കുറക്കാൻ 2007-08 വർഷത്തിൽ സാധിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ അവാർഡ് ലഭിച്ചത് ഊർജ്ജ സംരക്ഷണ രംഗത്തെ മികച്ച പ്രവർത്തനത്തിന്റെ ഭാഗമായാണ്.<br>ഊർജ്ജ സംരക്ഷണ പ്രവർത്ത |

നങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 10 ലക്ഷം സി.എഫ്.എൽ വിളക്കുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് കെ.എസ്.ഇ.ബി തീരുമാനിച്ചിട്ടുണ്ട്.

പ്രസരണ വിതരണ നഷ്ടം കുറച്ച് വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിനും നല്ല പ്രാധാന്യമാണ് നൽകിവരുന്നത്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 24.6% പ്രസരണ-വിതരണ നഷ്ടം ഉണ്ടായിരുന്നത് ഇപ്പോൾ 21% ത്തിലേക്ക് കുറച്ചിട്ടുണ്ട്. അത് 2011 ഓടെ 15% ത്തിലെത്തിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഇതോടൊപ്പം വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായ ഇടപെടലാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി നടന്നുവരുന്ന വൈദ്യുതി പദ്ധതികളുടെ പണി ത്വരിതപ്പെടുത്തുകയും, പുതിയ പദ്ധതികൾ ഏറ്റെടുത്തും വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത് വിശദാംശങ്ങൾ ചോദ്യത്തിന്റെ (ഡി) പിരിവിനുള്ള ഉത്തരമായി നൽകുന്നു.

| | |
|---|---|
| (ബി) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ സംഭരണികളിലെ ഇപ്പോഴത്തെ ജലനിരപ്പ് എത്രയാണ് ; മുൻവർഷം ഇതേ സമയത്ത് എത്രമാത്രം ജലം ഉണ്ടായിരുന്നു ; | (ബി) സംസ്ഥാനത്തെ ജലവൈദ്യുതി നിലയങ്ങളിൽ നിന്ന് 2007-08 ജലവർഷത്തിൽ ആകെ 8300 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ ഈ വർഷം മഴയുടെ ലഭ്യതക്കുറവുമൂലം ഉദ്ദേശം 4900 മില്യൺ യൂണിറ്റ് വൈദ്യുതിക്കുള്ള വെള്ളം മാത്രമാണ് ആകെ ലഭ്യമായി |

ട്ടുള്ളത്. 18-02-2009ലെ കണക്കനുസരിച്ച് കേരളത്തിലെ ജല സംഭരണികളിലെ ആകെ ജല ലഭ്യത 2170 മില്യൺ യൂണിറ്റ് വൈദ്യുതിക്കുള്ളതാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം 2547 മില്യൺ യൂണിറ്റ് വൈദ്യുതിക്കുള്ള വെള്ളം നമ്മുടെ ജലസംഭരണികളിലുണ്ടായിരുന്നു.

(സി) കേന്ദ്ര പൂളിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി എത്രയാണ് ; ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത് ;

(സി) കേന്ദ്രപൂളിൽ നിന്നും കേരളത്തിന് ലഭിക്കേണ്ടത് 1041 മെഗാവാട്ടാണ്. ഇപ്പോൾ 800-900 മെഗാവാട്ടാണ് ലഭിക്കുന്നത്. ഈ വർഷം ശരാശരി ലഭിച്ചുകൊണ്ടിരുന്നത് 650 മെഗാവാട്ടോളം മാത്രമായിരുന്നു.

(ഡി) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണ് ; ഇവ ഓരോന്നും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

(ഡി) 1. കുറ്റ്യാടി ടെയിൽ റേസ് 3.75 മെഗാവാട്ട്, നേര്യമംഗലം എക്സ്റ്റൻഷൻ 25 മെഗാവാട്ട് എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തു. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ 100 മെഗാവാട്ട് 2009 മെയ് മാസത്തിൽ പൂർത്തിയാക്കും.

പള്ളിവാസൽ എക്സ്റ്റൻഷൻ 60 മെഗാവാട്ട്, തോട്ടിയാർ 40 മെഗാവാട്ട്, റാന്നി പെരുനാട് 4 മെഗാവാട്ട് എന്നീ പദ്ധതികൾ പണി തുടങ്ങി.

പൂഴിത്തോട് 4.8 മെഗാവാട്ട്, ചെങ്കുളം ഓഗ്മെന്റേഷൻ എന്നിവ ഉടൻ പണിയാരംഭിക്കും. അതിരപ്പിള്ളി 163 മെഗാവാട്ട് പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം നേടി ടെണ്ടർ ചെയ്തെങ്കിലും ഹൈക്കോടതിയിൽ കേസ്സ് വന്നതിനാൽ തുടർ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

132 മെഗാവാട്ടിന്റെ 11

പദ്ധതികൾ ഉടൻ ടെണ്ടർ ചെയ്യാൻ കഴിയും. 300 മെഗാവാട്ടിന്റെ 21 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി വരുകയാണ്. ഇതു കൂടാതെ 500 മെഗാവാട്ടോളം വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വരുന്ന 10 വർഷത്തിനുള്ളിൽ ഇവയും ഏറ്റെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. പാരമ്പര്യേതര ഊർജ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കാറ്റിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. ഇതിന്റെ ഭാഗമായി പാലക്കാട് അട്ടപ്പാടിയിലും, ഇടുക്കി രാമക്കൽമേട്ടിലുമായി 33.3 മെഗാവാട്ട് വൈദ്യുതി കാറ്റാടി നിലയങ്ങളിൽ നിന്നും ഉൽപാദിപ്പിച്ചു. വരുന്ന 2 വർഷത്തിനുള്ളിൽ കുറഞ്ഞത് 100 മെഗാവാട്ട് കാറ്റിൽ നിന്നും ഉൽപാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

3. സ്വകാര്യ മേഖലയിലെ വൈദ്യുതി ഉൽപാദനത്തിനും പ്രോത്സാഹനം നൽകി. പാലക്കാട് സ്വകാര്യ വ്യവസായ സ്ഥാപനത്തോടനുബന്ധിച്ച് 10 മെഗാവാട്ട് ക്യാപ്റ്റീവ് -കോ ജനറേഷൻ പ്ലാന്റ് കമ്മീഷൻ ചെയ്തു. പത്തനംതിട്ട ജില്ലയിൽ സ്വകാര്യ മേഖലയിൽ അള്ളുങ്കൽ ജലവൈദ്യുതി പദ്ധതി (7 മെഗാവാട്ട്) കമ്മീഷൻ ചെയ്തു. കാരിക്കയം (15 മെഗാവാട്ട്), ഇരുട്ടുക്കാനം (3 മെഗാവാട്ട്) എന്നിവയുടെ പണി നടക്കുകയാണ്.

4. കേരളത്തിന് ഒറീസ്സ, ഗുജറാത്ത് സംസ്ഥാനങ്ങളോടൊപ്പം ഒറീസ്സയിലെ ബൈതരണിയിൽ ഒരു കൽക്കരി പ്പാടം കേന്ദ്ര സർക്കാർ അനുവദിച്ചു. ഇവിടെ നിന്നും 1000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള കൽക്കരി കേരളത്തിന് കിട്ടും. ഇതിനാവശ്യമായ ഖനന കമ്പനി രൂപീകരിച്ചു. നടപടികൾ ആരംഭിച്ചു.

5. കാസർഗോഡ് ചീമേനിയിൽ 2400 മെഗാവാട്ടിന്റെ ഒരു സൂപ്പർ താപനിലയം സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു. പദ്ധതിക്കാവശ്യമായ 2000 ഏക്കർ ഭൂമി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

ഇങ്ങനെ മൊത്തത്തിൽ 10 വർഷം കൊണ്ട് 4000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

K. Meera Rani

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 95

24/2/2009-ൽ മറുപടിക്ക്

## മാലിന്യമുക്തകേരളം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ. ചെന്താമരാക്ഷൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| എ) മാലിന്യമുക്ത കേരളം പദ്ധതിയുടെ ഫലമായി ശുചിത്വ-ആരോഗ്യ രംഗങ്ങളിൽ കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ; | എ) 1. കേരളത്തിലെ എല്ലാ വീടുകളിലും ടോയിലറ്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനം 826 ഗ്രാമ പഞ്ചായത്തുകളിൽ പൂർത്തിയായി. ഇനിയുള്ള 173 പഞ്ചായത്തുകളിൽ പ്രവർത്തനം പുരോഗമിക്കുന്നു.<br>2. ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തു നടത്തിയ ശുചിത്വ കാമ്പയിനുകൾ വഴി രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ ജനകീയ അവബോധം സൃഷ്ടിക്കുന്നതിന് സാധിച്ചു.<br>3. തീവ്രശുചീകരണ കാമ്പയിൻ വഴി ഓടകളും, പൊതുസ്ഥലങ്ങളും വൃത്തിയാക്കുന്ന പ്രവർത്തനത്തിലൂടെയും തുടർന്ന് ആഴ്ചയിലൊരിക്കൽ വീടും പരിസരവും വെള്ളക്കെട്ടില്ലാതെ ഡ്രൈ ഡേ (Dry day) യായി ആചരിക്കുന്നതിലൂടെയും സംസ്ഥാനത്ത് കൊതുക്, പ്രാണിജന്യ രോഗങ്ങളുടെ സാന്ദ്രത കുറഞ്ഞിട്ടുണ്ട്.<br>4. സ്കൂളുകളിലും സ്കൂൾ വിദ്യാർത്ഥികളിലൂടെ വീടുകളിലും |

| | | | |
|---|---|---|---|
| | | | ശുചിത്വാവബോധം വളർത്തുന്നതിനും സ്കൂളുകളിലെ ശുചിത്വ സൗകര്യങ്ങൾ ആസൂത്രണം ചെയ്ത് മെച്ചപ്പെടുത്തുന്നതിനുമായി സ്കൂൾ ശുചിത്വ പരിപാടിക്ക് തുടക്കം കുറിച്ചു.<br>5. വികേന്ദ്രീകൃത ഖര മാലിന്യ സംസ്കരണത്തിന് മുൻഗണന നൽകി സ്രോതസ്സിൽ തന്നെ ജൈവമാലിന്യം സംസ്കരിക്കുന്ന പദ്ധതി വ്യാപകമാക്കി വരുന്നു.<br>6. അഷ്ടമുടി, ശാസ്താംകോട്ട വേമ്പനാട് കായലുകളിലെ മലിനീകരണം ലഘൂകരിക്കുന്നതിന് അവയുടെ തീരപ്രദേശങ്ങളിൽ ഖര-ദ്രവ മാലിന്യ സംസ്ക്കരണ സംവിധാനം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി പരിസ്ഥിതി വകുപ്പിൽ നിന്നും സാമ്പത്തിക സഹായം സ്വരൂപിച്ചിട്ടുണ്ട്. |
| ബി) | എത്ര പഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാരിന്റെ നിർമ്മൽ ഗ്രാമ അവാർഡ് ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ: | ബി) | നാളിതുവരെ 826 ഗ്രാമപഞ്ചായത്തുകൾ, 96 ബ്ലോക്ക് പഞ്ചായത്തുകൾ, 4 ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്ക് നിർമ്മൽ ഗ്രാമപുരസ്കാരം ലഭിച്ചു. |
| സി) | നിർമ്മൽ ഗ്രാമ അവാർഡ് നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കുന്നത് : | | 1. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജന വിമുക്തമായിരിക്കൽ.<br>2. എല്ലാ ഭവനങ്ങളിലും, സ്കൂളുകളിലും, അംഗനവാടികളിലും ശുചിത്വമുള്ള ടോയിലറ്റുകൾ ഉണ്ടായിരിക്കൽ.<br>3. പൊതുവായി വൃത്തിയുള്ള അവസ്ഥ ഉണ്ടായിരിക്കൽ. |

| | | | |
|---|---|---|---|
| ഡി) | ഖരമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ: | ഡി) | 1. 49 നഗരസഭകൾ, 5 കോർപ്പറേഷനുകൾ, 44 ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഇതിനകം തന്നെ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്<br>2. 17 നഗരസഭകളിലും, 4 കോർപ്പറേഷനുകളിലും ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പണി പൂർത്തിയാക്കി.<br>3. ശേഷിക്കുന്ന 11 നഗരസഭകളിലും, 1 കോർപ്പറേഷനിലും സംസ്കരണ ശാലയുടെ പണി നടന്നുവരുന്നു.<br>4. ശുചിത്വമിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകിവരുന്നു.<br>5. ഇതിനോടകം സംസ്ഥാന സർക്കാർ 1550 ലക്ഷം രൂപ സഹായം നൽകി. 4045 ലക്ഷം രൂപയുടെ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്നു.<br>6. കൂടാതെ ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (JNNURM) വഴി 2 നഗരസഭകൾക്ക് 88 കോടി രൂപയുടേയും, അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് സ്കീം ഫോർ സ്മോൾ ആന്റ് മീഡിയം ടൗൺ (UIDSSMT) പദ്ധതി പ്രകാരം 11 നഗരസഭകൾക്ക് 36.57 കോടി രൂപയുടേയും, കേരള സുസ്ഥിര നഗരവികസന പദ്ധതി (KSUDP) പ്രകാരം 3 നഗരസഭകൾക്ക് 33 കോടി രൂപയുടേയും പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 7. സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുടെ ഭാഗമായി ഗ്രാമപ്രദേശങ്ങളിൽ 19.89 കോടി രൂപ ഖര-ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കാനായി വിനിയോഗിക്കാൻ നടപടികൈക്കൊണ്ടിട്ടുണ്ട്. നഗര സമാനമായ ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകി വരുന്നു.<br><br>8. മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി, വീടുകൾ, സ്ഥാപനങ്ങൾ, ചന്തകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാനുള്ള പ്രവർത്തന ങ്ങളും പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | മത്സ്യം, ഇറച്ചി, കോഴി എന്നിവയുടെ വില്പനയുടെ ഭാഗമായി ഉണ്ടാകുന്ന അവശിഷ്ടങ്ങൾ ശരിയായി സംസ്കരിക്കാത്തതു മൂലമുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിച്ചിട്ടുണ്ട്. മത്സ്യ-മാംസ അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാത്ത വില്പനക്കാർക്കെതിരെ നിയമ നടപടികളെടുക്കുവാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുനിസിപ്പൽ ആക്ടിലെ 335 വകുപ്പു പ്രകാരവും പഞ്ചായത്ത് ആക്ടിലെ 219 ഐ പ്രകാരവും മൃഗങ്ങളുടെ ശവങ്ങളും, ചവറും, മാലിന്യവും യുക്തമല്ലാത്ത രീതിയിൽ കയ്യൊഴിയുന്നത് നിരോധിച്ചിട്ടുണ്ട്. ചന്തകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന ഇത്തരം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ പ്ലാന്റുകൾ വികേന്ദ്രീകൃതമായി സ്ഥാപിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായം നൽകാൻ ശുചിത്വ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:96    24-2-2009 ൽ മറുപടിയ്ക്ക്

### കുറ്റ്യാടിയിലെ വൈദ്യുത പദ്ധതികൾ

ചോദ്യം
ശ്രീ. കെ.അജിത്
" എൻ. അനിരുദ്ധൻ
" സാജു പോൾ
ശ്രീമതി. ഇ.എസ്. ബിജി മോൾ
ശ്രീ. കെ. രാജു

മറുപടി
ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

എ) കുറ്റ്യാടിയിൽ പ്രവർത്തനക്ഷമമായ എത്ര ജലവൈദ്യുത പദ്ധതികളുണ്ട്; ഇവയിൽ എല്ലാം കൂടി ഇപ്പോൾ എത്ര വൈദ്യുതി ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

എ) കുറ്റ്യാടിയിൽ പ്രവർത്തനക്ഷമമായ മൂന്നു ജലവൈദ്യുത പദ്ധതികളാണുള്ളത്. ഇവയിൽ നിന്ന് ആകെ 127.5 മെഗാവാട്ട് വൈദ്യുതി ഇപ്പോൾ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്

ബി) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതിൽ നിന്നും എത്ര വൈദ്യുതി ലഭിക്കുമെന്നാണ് കരുതുന്നതെന്ന് വെളിപ്പെടുത്തുമോ;

ബി) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇതിൽ നിന്നും 100 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സി) ഈ പദ്ധതിയിൽ നിന്നും പുറത്തുപോകുന്ന ജലം ഉപയോഗിച്ച് പുതിയ ജലവൈദ്യുതപദ്ധതികൾ ആരംഭിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

സി) ഉണ്ട്. 4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കുറ്റ്യാടി ചെറുകിട ജലവൈദ്യുത പദ്ധതി (കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ ടെയിൽ റേസ്) ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുവാനായി ബോർഡ് 7/2/2009 -ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 97. 24.2.2009 ന് മറുപടിയ്ക്ക്

### ഐ.ടി.ഐ. ട്രെയിനികളുടെ തൊഴിൽ സാധ്യത

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ. പി.ടി.എ. റഹീം:<br>ശ്രീ. ടി.വി. കുഞ്ഞുണ്ണി.<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി). |
| (എ) ഐ.ടി.ഐ. ട്രെയിനികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (എ) ഐ.ടി.ഐ. ട്രെയിനികളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി എംപ്ലോയ്മെന്റ് ആന്റ് ഫിനിഷിംഗ് സ്കൂൾ പദ്ധതി, ഓറിയന്റേഷൻ കം ട്രെയിനിംഗ് പ്രോഗ്രാം പദ്ധതി തുടങ്ങിയവ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമേ വ്യാവസായിക പരിശീലന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം സ്കിൽ ഫെസ്റ്റുകളും ജോബ് ഫെസ്റ്റുകളും സംഘടിപ്പിക്കുന്നുണ്ട്. അതോടൊപ്പം തന്നെ ഇതേ ഉദ്ദേശത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ. കളിലും പ്ലേസ്മെന്റ് സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഐ.ടി.ഐ./ഐ.ടി.സി. കോഴ്സ് പാസ്സായവർക്ക് തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനായി എത്രെല്ലാം ഐ.ടി.ഐ. കളിൽ ഫിനിഷിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്; കൂടുതൽ ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ: | (ബി) സംസ്ഥാനത്ത് ഫിനിഷിംഗ് സ്കൂൾ പദ്ധതി നിലവിലുള്ള സ്ഥാപനങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>1. ഐ.ടി.ഐ. ചാക്ക<br>2. ഐ.ടി.ഐ. ചന്ദനത്തോപ്പ്<br>3. ഐ.ടി.ഐ. (വനിത) കഴക്കൂട്ടം<br>4. ഐ.ടി.ഐ. കോഴിക്കോട്<br>5. ഐ.ടി.ഐ. മലമ്പുഴ<br>6. ഐ.ടി.ഐ. ചാലക്കുടി<br>7. ഐ.ടി.ഐ. അരീക്കോട്<br>8. ഐ.ടി.ഐ. കണ്ണൂർ<br>9. ഐ.ടി.ഐ. കളമശ്ശേരി<br>10. ഐ.ടി.ഐ. (വനിത) മലമ്പുഴ<br><br>ഈ സാമ്പത്തിക വർഷത്തിൽ കൂടുതൽ ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമില്ല. |

— — — —

(സി) കാമ്പസ് ഇന്റർവ്യൂവിലൂടെ ട്രെയിനികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാമ്പസ് ഇന്റർവ്യൂവിലൂടെ ട്രെയിനികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഉദ്ദേശത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ. കളിലും പ്ലേയ്സ്മെന്റ് സെല്ലുകൾക്ക് രൂപം നൽകിയിട്ടുണ്ട്.

(ഡി) തൊഴിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) തൊഴിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി 2008-ൽ കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട, 2009-ൽ കോട്ടയം എന്നീ ജില്ലകളിലെല്ലാം തൊഴിൽ മേളകൾ സംഘടിപ്പിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ ജോബ് ഫെസ്റ്റ് 2009 ഫെബ്രുവരി 28, മാർച്ച് മാസം 1,2 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

S. Malathy

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 98 — 24.02.2009-ൽ മറുപടിക്ക്

## ഫെയർ വേജസ് പരിഷ്ക്കരണ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. കെ. രാജു<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |

(എ) ഫെയർ വേജസ് പരിഷ്ക്കരണ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എ) ഉണ്ട്.

താഴെപ്പറയുന്നവയാണ് റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ.

1. മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളെ സംബന്ധിക്കുന്ന ഫെയർ വേജസ് ആക്ടിലെ ' ഷെഡ്യൂൾ ബി ' യിൽ പറഞ്ഞിട്ടുള്ള ജോലി തരംതിരിവിൽ "കാറ്റഗറി IV സ്കിൽഡ്" എന്ന് ഭേദഗതി ചെയ്യുക.
2. ഫെയർ വേജസ് ആക്ടിലെ ഷെഡ്യൂൾ ബി'യിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വിഭാഗം തൊഴിലാളികളുടേയും നിലവിലുള്ള ശമ്പള സ്കെയിലിലെ മിനിമത്തിന്റെ 33% (മുപ്പത്തി മൂന്ന് ശതമാനം) വർദ്ധനവ് നൽകി ശമ്പളസ്കെയിലുകൾ പരിഷ്ക്കരിച്ച് നിശ്ചയിക്കുക.
3. ഇൻക്രിമെന്റ് നിരക്കുകൾ നിലവിലുള്ളതിന്റെ ഇരട്ടിതുകയിൽ കുറയാത്തവിധം പരിഷ്ക്കരിക്കുക.
4. അഖിലേന്ത്യാ ശരാശരി ഉപഭോക്തൃവില സൂചികയിലെ കഴിഞ്ഞ പരിഷ്ക്കരണ സമയത്ത് അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചിട്ടുള്ള 1000 വരെയുള്ള പോയിന്റ് കഴിച്ച് ബാക്കി 2000 പോയിന്റിനുള്ള ക്ഷാമബത്തയായ 4000 രൂപ (നാലായിരം രൂപ) അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുക.
5. അടിസ്ഥാന ശമ്പളത്തിനു പുറമെ എല്ലാ വിഭാഗം തൊഴിലാളികൾക്കും ജീവനക്കാർക്കും സിംലയിലെ ലേബർ ബ്യൂറോ ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1960=100 എന്ന അഖിലേന്ത്യാ ശരാശരി ഉപഭോക്തൃവില സൂചികയുടെ 3000 (മൂവായിരം) പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 2 രൂപ 25 പൈസ (രണ്ട് രൂപ ഇരുപത്തഞ്ച് പൈസ) വീതം ക്ഷാമബത്തയും നൽകുക.
6. വീട്ടുവാടക അലവൻസായി എല്ലാ തൊഴിലാളികൾക്കും ജീവനക്കാർക്കും പ്രതിമാസം 100 രൂപ (നൂറു രൂപ) നിശ്ചയിക്കുക.
7. വാഷിംഗ് അലവൻസ് ആയി എല്ലാ തൊഴിലാളികൾക്കും ജീവനക്കാർക്കും പ്രതിമാസം 30 രൂപ (മുപ്പത് രൂപ) നിശ്ചയിക്കുക.
8. ശമ്പള പരിഷ്ക്കരണം നിലവിൽ വരുന്നതിനു മുമ്പ് 5 വർഷമോ അതിൽ കൂടുതലോ സേവന കാലയളവുള്ള തൊഴിലാളികൾക്ക്, ഓരോ 5 വർഷത്തിനും പരിഷ്ക്കരിച്ച ശമ്പളസ്കെയിലിന്റെ തൊട്ടടുത്ത നിരക്കിൽ ഓരോ ഇൻക്രിമെന്റ് വരെ പരമാവധി 5 ഇൻക്രിമെന്റ് വെയ്റ്റേജ് ആയി നൽകി ശമ്പളം നിശ്ചയിക്കുക.

..........2

9. പത്ത് വർഷമോ അതിൽ കൂടുതലോ സേവന കാലയളവുള്ളവുള്ളതും ഉയർന്ന ഗ്രേഡിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചിട്ടില്ലാത്തതുമായ ജീവനക്കാർക്ക് ഹയർഗ്രേഡ് അനുവദിക്കേണ്ടതാണ്. 15.11.1997 ലെ ഫെയർവേജസ് പരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് ലഭിച്ചിട്ടുള്ളവർക്ക് അതിനു ശേഷം പൂർത്തിയാക്കിയ പത്ത് വർഷത്തിന് ഒരു സീനിയർ ഗ്രേഡ് അനുവദിക്കേണ്ടതാണ്.
10. അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിലിന്റെ പരമാവധി ശമ്പളത്തിൽ എത്തിയാൽ തുടർന്നുള്ള വാർഷിക ഇൻക്രിമെന്റുകൾ അവസാന ഇൻക്രിമെന്റ് നിരക്കിൽ തുടർന്നും നല്കേണ്ടതാണ്.
11. ഫെയർ വേജസ് പരിഷ്ക്കരണം 2008 സെപ്റ്റംബർ 1 മുതൽ പ്രാബല്യത്തോടെ നടപ്പിൽ വരുത്തണം.

| | |
|---|---|
| (ബി) ഈ ശുപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) ഫെയർവേജസ് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും 28.01.2009 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നമ്പർ 12/2009/തൊഴിൽ പ്രകാരം ഫെയർ വേജസ് ആക്ടിലെ ഷെഡ്യൂൾ 'എ' യിൽ ഭേദഗതി വരുത്തി ശമ്പളം പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഈ ശുപാർശകളുടെ വെളിച്ചത്തിൽ തൊഴിലാളികൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) ശമ്പള സ്കെയിലുകളുടെ മിനിമത്തിന്റെ 33% അടിസ്ഥാന ശമ്പള വർദ്ധനയായി അനുവദിച്ചു കൊണ്ട് ശമ്പളം പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. സിംലയിലെ ലേബർ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന 1960=100 എന്ന അഖിലേന്ത്യാ ശരാശരി ഉപഭോക്തൃവില സൂചികയുടെ 1000 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 2 രൂപ നിരക്കിലുള്ള നേരത്തെ നൽകിയിരുന്ന ക്ഷാമബത്ത 3000 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 2 രൂപ 25 പൈസ നിരക്കിൽ വർദ്ധിപ്പിച്ചു. 30 രൂപയായിരുന്ന വീട്ടുവാടക അലവൻസ് 100 രൂപയായും 10 രൂപയായിരുന്ന വാഷിംഗ് അലവൻസ് 30 രൂപയായും വർദ്ധിപ്പിച്ചു. 10 രൂപ മുതൽ 50 രൂപ വരെ നിലവിലുണ്ടായിരുന്ന വാർഷിക ഇൻക്രിമെന്റ് നിരക്കുകളുടെ ഇരട്ടിതുകയിൽ കുറവു വരാത്ത വിധത്തിൽ ഇൻക്രിമെന്റ് നിരക്കുകൾ വർദ്ധിപ്പിച്ചു. ഓരോ അഞ്ചു വർഷത്തിനും ഓരോ തൊഴിലാളിയുടെയും പരിഷ്ക്കരിച്ച സ്കെയിലിൽ നിശ്ചയിക്കപ്പെട്ട അടിസ്ഥാന ശമ്പളത്തിന് തൊട്ടടുത്ത് വരുന്ന ഇൻക്രിമെന്റുകൾ സർവ്വീസ് വെയിറ്റേജായി നൽകി പത്ത് വർഷമോ അതിൽ കൂടുതലോ സേവനകാലയളവ് ഉള്ള തൊഴിലാളിക്ക് ഹയർ ഗ്രേഡും, മുൻശമ്പള പരിഷ്ക്കരണ വ്യവസ്ഥ പ്രകാരം ഹയർ ഗ്രേഡ് ലഭിച്ചിട്ടുള്ളവർക്ക് അതിനു ശേഷം പൂർത്തിയാക്കിയ പത്തു വർഷത്തിന് സീനിയർ ഗ്രേഡ് അനുവദിച്ചു. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. 2008 സെപ്റ്റംബർ മാസം 1-ാം തീയതി മുതൽ പ്രാബല്യം നൽകിക്കൊണ്ടാണ് ഫെയർ വേജസ് പരിഷ്ക്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 99

24.2.2009 ൽ മറുപടിക്ക്

## സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. ആർ. സെൽവരാജ്.<br>ശ്രീ. ബി. രാഘവൻ. | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ നടപടികൾ ചുവടെ ചേർക്കുന്നു.<br>(1) കോർപ്പറേഷന്റെ ബാങ്ക് ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുത്തതിന്റെ മൂന്നാമത്തെ ഇൻസ്റ്റാൾമെന്റ് നൽകുന്നതിനായി സർക്കാർ 22.32 കോടി രൂപ നൽകി.<br>(2) കോർപ്പറേഷൻ തൊഴിലാളികൾക്ക് 2006 വർഷത്തെ ബോണസ് നൽകുന്നതിനും കോർപ്പറേഷന്റെ പ്രവർത്തന മൂലധനവുമായി 11 കോടി രൂപ നൽകി. ഇപ്രകാരം കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(3) 2007--2008 സാമ്പത്തിക പദ്ധതിയിലുൾപ്പെടുത്തി കശുവണ്ടി വികസന കോർപ്പറേഷന് തോട്ടണ്ടി വാങ്ങാൻ 16 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(4) 2007-2008 സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപ മെഷിനറി സ്ഥാപിക്കാൻ (പാക്കിംഗ് മെഷീൻ) അനുവദിച്ചുനൽകിയിട്ടുണ്ട്.

(5) കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 2.5 കോടി രൂപ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(6) 2008-2009 സാമ്പത്തിക വർഷം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 5 കോടി രൂപയും ഫാക്ടറികളുടെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി 12.67 കോടി രൂപയും കശുവണ്ടി വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്.

(7) കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ 6000 തൊഴിലാളികളെ പുതുതായി നിയമിച്ചിട്ടുള്ളതും തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകിവരികയുമാണ്.

(8) കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷൻ അത്യുൽപാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നേഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ

കർഷകർക്ക് വിപണനം നടത്തിവരു ന്നുണ്ട്.

കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ പുനരുദ്ധാരണത്തി നും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കോർപ്പറേ ഷൻ സ്വീകരിച്ചിട്ടുള്ള മറ്റ് നടപടിക ളുടെ വിശദാംശങ്ങൾ ചുവടെ പറ യുന്നവയാണ്.

(9) പരമ്പരാഗത രീതിയിലുള്ള തോട്ടണ്ടി കരിച്ച് വറുത്ത് തല്ലിയെടടു ക്കുന്ന രീതി മാറ്റി സ്റ്റീംകുക്കിംഗ് പ്രോസ്സസിംഗ് സമ്പ്രദായം ഏർപ്പെ ടുത്തി ഇപ്രകാരം തോട്ടണ്ടി പുഴുങ്ങി കട്ടിംഗ് മെഷീൻ ഉപയോഗിച്ച് കട്ട് ചെയ്ത് പരിപ്പ് വേർതിരിച്ചെടുക്കുന്ന തിനുള്ള ആധുനിക സാങ്കേതിക വിദ്യ സ്വീകരിച്ചിട്ടുള്ളതാണ്.

(10) നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക് ട്രിക്ബോർമ്മ, ഹോട്ട് എയർബോ ർമ്മ എന്നിവകൾ കോർപ്പറേഷൻ ഫാക്ടറികളിൽ സ്ഥാപിച്ചുവരുന്നു.

(11) നിലവിലുണ്ടായിരുന്ന ടിൻഫി ല്ലിംഗിന് പകരമായി കോർപ്പറേ ഷന്റെ ഫില്ലിംഗ് സെന്ററുകളിൽ ' ഫ്ളെക്സിപാക്കിംഗ് സിസ്റ്റം ' നടപ്പിലാ ക്കിയിട്ടുള്ളതാണ്. വിദേശ വിപണി യിൽ ' ഫ്ലക്സി പാക്കിംഗ് ' പരപ്പിനാണ് മാർക്കറ്റുള്ളത്.

(12) പരമ്പരാഗത രീതിയിൽ പീലിം ഗ്, ഗ്രേഡിംഗ് തൊഴിലാളികൾ തറയി ലിരുന്ന് ജോലി ചെയ്യുന്ന സംവിധാന ത്തിന് പകരമായി തൊഴിലാളികൾക്ക് തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെ ടുത്തുന്നതിന് ഉതകത്തക്ക തരത്തിൽ

ടേബിളും, ചെയറും ജോലി സ്ഥലത്ത് ഫാനുകളും മറ്റും ഏർപ്പെടുത്തിയിട്ടു ണ്ട്.

(13) CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരി പ്പിൽ നിന്നും കാഷ്യു സൂപ്പ്, കാഷ്യു പൗഡർ, കാഷ്യുവിറ്റ, കാഷ്യുബിറ്റ്സ്, എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്ന ങ്ങൾ കശുവണ്ടി വികസന കോർപ്പ റേഷൻ വിപണിയിൽ ഇറക്കിയി ട്ടുണ്ട്.

(14) കശുവണ്ടി വികസന കോർപ്പ റേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉൽപ്പന്നങ്ങ ളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റു മതി പ്രോൽസാഹിപ്പിക്കുന്നതിനും, ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ വർക്ക് ചെയ്യുന്നതിലേയ്ക്ക് കൂടുതൽ തൊഴിലാളികളെ നിയമിച്ചിട്ടുള്ളതാ ണ്.

(15) ഉൽപാദനക്ഷമത വർദ്ധിപ്പിക്കു ന്നതിനും, ഗുണമേന്മ വർദ്ധിപ്പിക്കു ന്നതിനും ലക്ഷ്യമിട്ട് പുതിയ സാങ്കേതി കവിദ്യസ്വായത്തമാക്കുന്നതിലേയ്ക്ക് കോർപ്പറേഷനിലെ പ്രോസസിംഗ് ജീവനക്കാർക്ക് പ്രത്യേകതരം പരിശീ ലന പരിപാടികൾ ആവിഷ്ക്കരിച്ച് നടത്തി വരുന്നു.

(16) കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപാദനം വർദ്ധി പ്പിക്കുന്നതിലേയ്ക്ക് കശുവണ്ടി വിക സന കോർപ്പറേഷൻ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നെഴ്സറിക ളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തിവരു

ന്നുണ്ട്. കൂടാതെ കോർപ്പറേഷന്റെ വിവിധ ഫാക്ടറി കോമ്പൗണ്ടിലും നെടുമ്പന ടി.ബി. ആശുപത്രി കോമ്പൗണ്ടിലുമായി ഏകദേശം 50 ഏക്കർ സ്ഥലത്ത് സ്വന്തമായി കശു മാവ് കൃഷി നടത്തി വരുന്നു.

(17) കശുമാങ്ങയിൽ നിന്നും ബയോ ഡീസൽ ഉല്പാദിക്കുന്നതിനുള്ള ഗവേ ഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരികയാണ്.

(18) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡവലപ്പമെന്റ് സെന്റർ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(19) കശുവണ്ടി വികസന കോർപ്പ റേഷൻ അമുൽ, എസ്.റ്റി.സി. എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്ര ദായം ഏർപ്പെടുത്തുന്നതിനുള്ള നട പടികളും സ്വീകരിച്ചു വരികയാണ്.

(20) കോർപ്പറേഷന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിൽ മെച്ച പ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ട് ഫാക്ടറികൾ ഐ.എസ്.ഒ. നിലവാര ത്തിലുള്ളതായി മാറ്റുന്നതിനാവശ്യ മായ പ്രവർത്തനങ്ങൾ നടത്തിവരു ന്നു.

| | |
|---|---|
| (ബി) കോർപ്പറേഷന്റെ ഫാക്ടറികളിൽ ഈ സാമ്പത്തിക വർഷം ജനു വരി 30 വരെ എത്ര ദിവസം ജോലി നൽകാൻ കഴിഞ്ഞുവെന്ന് അറിയിയ്ക്കുമോ; | (ബി) കോർപ്പറേഷന്റെ ഫാക്ടറികളിൽ ഈ സാമ്പത്തിക വർഷം (2008-09) ജനുവരി 30 വരെ 188 ദിവസം വരെ ജോലി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഫാക്ടറികൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | തോട്ടണ്ടി ഇറക്കുമതിയിൽ ഇടനിലക്കാരെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള പദ്ധതി വിജയകരമാണോ എന്നു വ്യക്തമാക്കുമോ ? | (ഇ) | വിജയകരമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 100 24.02.2009-ലെ മറുപടിക്ക്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീ. എ. എം. യൂസഫ് :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കെ. കെ. ദിവാകരൻ : | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തൊഴിൽവകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രധാന ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അവയുടെ പ്രവർത്തനം സർക്കാർ അവലോകനം ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.<br><br>ക്ഷേമനിധികളിൽനിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുനൽകുന്നതിനായി അംശദായ വിഹിതം ചില ബോർഡുകളിൽ വർദ്ധിപ്പിക്കാൻ നടപടി എടുത്തു. കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിന് ഗവൺമെന്റ് വിഹിതം ഉറപ്പാക്കുന്നതിന് നിയമഭേദഗതിക്ക് നടപടികളെടുത്തുവരുന്നു. ഭൂഉടമ വിഹിതം വർദ്ധിപ്പിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്.<br><br>തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് സാമ്പത്തികമായി പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുന്നതിനും, അംഗസംഖ്യ പരിമിതമായതും സാമ്പത്തിക വിഷമതകൾ അനുഭവിക്കുന്നതുമായ ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

(----2)

(ബി) പുതുതായി ഏതെങ്കിലും വിഭാഗത്തിന് ക്ഷേമനിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ചെറുകിട തോട്ടം മേഖലയിലെ തൊഴിലാളികൾക്കായുള്ള ക്ഷേമനിധി രൂപീകരിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. ആഭരണ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കായുള്ള ക്ഷേമനിധി ബിൽ പരിഗണനയിലാണ്.

(സി) ക്ഷേമനിധി പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡ്, അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ ഇപ്പോൾ പെൻഷൻ കുടിശ്ശിക ഇല്ല. കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2008 സെപ്റ്റംബർ മുതൽ 2009 ഫെബ്രുവരി വരെയുള്ള പെൻഷൻ കുടിശ്ശിക 2009 മാർച്ച് മാസം വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ സെപ്തംബർ 2008 മുതൽ നവംബർ 2008 വരെയുള്ള കുടിശ്ശിക നൽകുന്നതിനുള്ള തുകയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചു നൽകിയെന്ന് വിശദമാക്കുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം (2007-08) സർക്കാർ ധനസഹായത്തോടെ നൽകി വരുന്ന ക്ഷേമ പെൻഷനുകൾ പ്രതിമാസം പത്ത് രൂപ വീതം വർദ്ധിപ്പിച്ചിരുന്നു. ഈ സാമ്പത്തിക വർഷം (2008-09) കേരളത്തിലെ കർഷക ത്തൊഴിലാളികളുടെയും, മത്സ്യബന്ധനം, കയർ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ആർട്ടിസാൻ തുടങ്ങിയ മേഖലകളിലെല്ലാം പണിയെടുക്കുന്ന ദശലക്ഷകണക്കിന് വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പെൻഷൻ പ്രതിമാസം 200/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിൽ നിന്നും നൽകി വരുന്ന മിനിമം പെൻഷൻ 200/-

(----3)

രൂപയിൽ നിന്നും 250/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ അബ്കാരി തൊഴിലാളികളുടേയും, കള്ളുചെത്തു തൊഴിലാളികളുടേയും, മോട്ടോർ തൊഴിലാളികളുടേയും മിനിമം പെൻഷൻ 500/- രൂപയായും വർദ്ധിപ്പിച്ചു.

(ഇ) ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറയ്ക്കുന്നതിന് സമാന സ്വഭാവമുള്ള ക്ഷേമനിധികൾ ഒരു ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ ?

(ഇ) വിവിധ ക്ഷേമനിധികളുടെ പ്രവർത്തനം പഠിച്ച് അവയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി റിട്ടയേർഡ് ലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

Joseph M

സെക്ഷൻ ഓഫീസർ

**<u>പന്ത്രണ്ടാം കേരള നിയമസഭ</u>**

**<u>പത്താം സമ്മേളനം</u>**

<u>നക്ഷത്ര ചിഹ്നമിട്ട</u>

ചോദ്യം നമ്പർ. 101 — **<u>24.2.2009-ൽ മറുപടിയ്ക്ക്</u>**

**<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.പി.കെ.സദാശിവൻ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. ജോർജ്.എം. തോമസ്:<br>ശ്രീ.പി.കൃഷ്ണപ്രസാദ്: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ). ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടത്താൻ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ). ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടത്തുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്.<br><br>1. തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനും തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് മുഖ്യ ഉത്തരവാദിത്വം നൽകി.<br>2. പ്രവർത്തികളുടെ നിർവ്വഹണത്തിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി നൽകി.<br>3. തൊഴിലാളികളുടെ കൂലി ഉൾപ്പെടെ എല്ലാ പേയ്മെന്റും ബാങ്ക് അക്കൗണ്ട് വഴി നടത്തുന്നു.<br>4. എല്ലാ ഗ്രാമപഞ്ചായത്തുകളിലും എഞ്ചിനീയർ/ഓവർസിയർമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ-കം-അക്കൗണ്ടന്റുമാർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.<br>5. ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥൻമാർക്കും സന്നദ്ധ പ്രവർത്തകർക്കും പരിശീലന പരിപാടി സംഘടിപ്പിച്ചു.<br>6. മണ്ണ്-ജല-ജൈവ സമ്പത്തിന്റെ പരിപോഷണത്തിനും പരിസ്ഥിതി പുനഃസ്ഥാപനത്തിനും പ്രാധാന്യം നൽകി.<br>7. തൊഴിലുറപ്പ് പ്രവർത്തികളുടെ സംഘാടനം, തൊഴിൽ കാർഡ് വിതരണം, സ്ത്രീ പങ്കാളിത്തം ഉറപ്പാക്കൽ, ബോധവൽക്കരണം, പ്രവർത്തി സംബന്ധമായ നോട്ടീസുകളുടെ വിതരണം, തൊഴിൽ ഉപകരണങ്ങളുടെ സൂക്ഷിപ്പും മാനേജ്മെന്റും തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ എ.ഡി.എസ്. വോളണ്ടിയർമാരെ നിയോഗിച്ചു.<br>8. തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ സംഘടിപ്പിക്കുകയും അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു.<br>9. ജനകീയ എസ്റ്റിമേറ്റ്, പ്രോജക്റ്റ് ഇനിഷിയേഷൻ മീറ്റിങ്ങ്, പണിയിടങ്ങളിലെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ, പ്രവർത്തികളുടെ ഫോട്ടോഗ്രാഫുകൾ, വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി സംവിധാനം എന്നിവയിലൂടെ പരമാവധി സുതാര്യത ഉറപ്പാക്കി. |

10. സോഷ്യൽ ഓഡിറ്റിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

11. നിർവ്വഹണത്തെ കാര്യക്ഷമമാക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലർ എന്നിവ പുറപ്പെടുവിച്ചു.

| | |
|---|---|
| ബി. പദ്ധതി നടപ്പാക്കിയതിനു ശേഷം വയനാട്, പാലക്കാട് ജില്ലകളിൽ ഉണ്ടായിട്ടുള്ള മാറ്റം പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ? എങ്കിൽ വ്യക്തമാക്കുമോ? | ബി. നിർദ്ദേശാധിഷ്ഠിത പ്രവർത്തികൾക്ക് മുൻഗണന നൽകിയതിലൂടെ വയനാട്, പാലക്കാട് ജില്ലകളിലെ കാർഷിക മേഖലയിൽ പ്രത്യേക ഉണർവുണ്ടായി. തൊഴിലാളികളുടെ വരുമാനവും വാങ്ങൽ ശേഷിയും വർദ്ധിച്ചു, ബാങ്ക് അക്കൗണ്ട് ഉള്ളതുമൂലം സമ്പാദ്യശീലം കൂടി. സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തം മൂലം അവരുടെ വരുമാനം വർദ്ധിക്കുകയും തൻമൂലം സ്ത്രീ ശാക്തീകരണമുണ്ടാവുകയും ചെയ്തു. കരാറുകാരെ ഒഴിവാക്കിയതുമൂലവും അഴിമതി ഒഴിവാക്കിയതിലൂടെയും പൊതുപണിയ്ക്ക് ഗുണമേന്മ ലഭിക്കുകയും തൊഴിലാളികൾ കൂടുതലായി പണിക്കു താൽപ്പര്യപ്പെടുകയും ചെയ്തു. തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിലൂടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന ശേഷി മെച്ചപ്പെട്ടു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂവികസന പരിപാടികൾ ഏറ്റെടുക്കാൻ സാധിച്ചു. കുടുംബശ്രീ ഏ.ഡി.എസ് സംവിധാനത്തെ ശക്തിപ്പെടുത്തി. |
| സി. തൊഴിലുറപ്പു പദ്ധതി ആരംഭിച്ചതിനു ശേഷം ഇതുവരെ കൂലിയിനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ; | സി. സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചതിനുശേഷം ഇതുവരെ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ 21150.34 ലക്ഷം രൂപയും വിദഗ്ദ്ധ, അർദ്ധവിദഗ്ദ്ധ തൊഴിലാളികൾക്ക് കൂലിയായി 500.37 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 21650.71 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഡി. സംസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് പദ്ധതി ആവശ്യമായ മാറ്റങ്ങളോടെ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | ഡി. തൊഴിലുറപ്പു പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ പ്രക്രിയകൾ ജനകീയാസൂത്രണവുമായി, പ്രത്യേകിച്ച് ജനകീയാസൂത്രണത്തിലെ കാർഷിക മേഖലയിലെ പ്രോജക്റ്റുകളുമായി, സംയോജിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് നീർത്തടാധിഷ്ഠിതമായ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ പെരുമ്പാട്ടലം കുറവായതിനാൽ വന പ്രദേശത്തും വനാതിർത്തിയിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാനാവശ്യമായ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.<br><br>തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾക്കു പുറമേ സംസ്ഥാനത്തിന്റെ ഭൗതിക സാഹചര്യങ്ങൾക്ക് അനുസൃതമായി താഴെപറയുന്ന പ്രവർത്തികൾ കൂടി ഏറ്റെടുക്കുവാനുള്ള അനുവാദത്തിനായി കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ട്.<br>1. നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തികൾ.<br>2. ഭവനനിർമ്മാണം, പുകയില്ലാത്ത അടുപ്പ് നിർമ്മാണം.<br>3. സമ്പൂർണ്ണ ശുചിത്വത്തിന്റെ ഭാഗമായി വീട്ടുവളപ്പിലെ ഗാർബേജ് പിറ്റ്, സോക്കേജ് പിറ്റ് എന്നിവയുടെ നിർമ്മാണം |

| | |
|---|---|
| ഇ. പദ്ധതി പ്രകാരമുള്ള ജോലി ഇ. ക്കാർക്കുള്ള കൂലി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | കർഷകതൊഴിലാളികൾക്ക് നൽകാൻ നിശ്ചയിച്ചിട്ടുള്ള മിനിമം കൂലിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്കും നൽകുന്നത്. ഇപ്പോൾ ഇത് പ്രതിദിനം 125/- രൂപയാണ്. കർഷകതൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കുവാൻ തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. മിനിമം വേതനം 160/- രൂപയായി വർദ്ധിപ്പിയ്ക്കുവാൻ 13-11-08-ൽ 20605/ഇ.1/2008/എൽ.ബി.ആർ. നമ്പർ ആയി പ്രാഥമിക നോട്ടിഫിക്കേഷൻ തൊഴിൽ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ അവസാന തീരുമാനമാകുന്ന മുറയ്ക്ക് തൊഴിലുറപ്പ് പദ്ധതിയിലും പ്രതിദിനകൂലി 160/- രൂപയായി നിശ്ചയിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 102 — 24.02.2009-ൽ മറുപടിയ്ക്ക്

### ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനും പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ജനകീയാസൂത്രണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവ സമന്വയിപ്പിച്ച് ത്രിതല പഞ്ചായത്തുകൾ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തൊട്ടാകെ എത്ര ഏക്കർ തരിശുഭൂമി കൃഷി യോഗ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) | 2008-09 വാർഷിക പദ്ധതിയിൽ ഓരോ ഗ്രാമപഞ്ചായത്തും കൃഷി യോഗ്യമാക്കാൻ കഴിയുന്ന തരിശു നിലങ്ങൾ കണ്ടെത്തി ശരാശരി 10 ഏക്കർ എന്ന നിലയിൽ സംസ്ഥാനത്തെ 10,000/- ഏക്കർ ഭൂമിയെങ്കിലും കൃഷിയോഗ്യമാക്കുവാനാണ് വിഭാവന ചെയ്തിരുന്നത്. |
| (സി) | ഈ വർഷം എത്ര ഏക്കർ സ്ഥലത്താണ് പുതുതായി നെൽക്കൃഷി ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്; | (സി) | മുപ്പതിനായിരത്തിലേറെ ഏക്കറിൽ ഇതിനകം കൃഷിയോഗ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (ഡി) | സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസൃതമായി വിത്ത്, വളം കീടനാശിനികൾ മുതലായ ഉല്പാദനോപാധികളും പമ്പ് സെറ്റുകൾ സ്പ്രെയറുകൾ. ട്രില്ലറുകൾ, കൊയ്ത്ത്- മെതി യന്ത്രങ്ങൾ തുടങ്ങിയ കാർഷിക യന്ത്രങ്ങളും കൃഷിക്കാർക്കും കുടുംബശ്രീ യൂണിറ്റുകൾക്കും കർഷക തൊഴിലാളികളുടെ സംഘങ്ങൾക്കും പൊതു വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്ക് പ്രകാരം അനുവദനീയമാണ്. ഉഴവു കൂലി ഇനത്തിൽ ഹെക്ടറിന് പരമാവധി 2500/-രൂപ സബ്സിഡിയും അനുവദിക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരു തവണ ഏറ്റെടുക്കാവുന്നതാണ്. |
| (ഇ) | നെൽക്കൃഷിക്കു പുറമെ മറ്റ് ഏതെല്ലാം ഭക്ഷ്യ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഇ) | പച്ചക്കറി, പാൽ, മുട്ട, മത്സ്യം, മാംസം എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 103 — 24.02.2009 ലെ മറുപടിക്ക്

# ജവഹർലാൽ നഗര പുനരുദ്ധാരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. രാജാജി മാത്യു തോമസ് | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) | |
| (എ) | ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ? | (എ) | ഉണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം ഏതെല്ലാം നഗരങ്ങൾക്ക് എന്തു സഹായം ലഭിക്കുമെന്നും ഇതിൽ ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് എത്രയാണെന്നും അറിയിക്കുമോ ? | (ബി) | ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിന് ആയിരത്തി ഒരുന്നൂറ്റി മുപ്പത് കോടി അറുപത്തിയൊന്ന് ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ എഴുന്നൂറ്റി ഇരുപത്തിയെട്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ കേന്ദ്ര സഹായവും ഇരുന്നൂറ്റി മുപ്പത് കോടി അമ്പത്തി ആറ് ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. കൂടാതെ ബി.എസ്.യു.പി പദ്ധതിക്കായി ആകെ മുന്നൂറ്റി നാൽപ്പത്തിമൂന്ന് കോടി നാൽപ്പത് ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്ര വിഹിതമായി ഇരുന്നൂറ്റി മുപ്പത്തിമൂന്ന് കോടി അമ്പത്തി ആറ് ലക്ഷം രൂപയും, സംസ്ഥാന വിഹിതമായി മുപ്പത്തിയെട്ടു കോടി നാൽപ്പത്തൊമ്പത് ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.<br><br>ഐ.എച്ച്.എസ്.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി 35 നഗരസഭകൾക്കായി നൂറ്റി എൺപത്തിനാല് കോടി ഇരുപത്തി രണ്ട് ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ കേന്ദ്ര വിഹിതം നൂറ്റി നാൽപ്പത്തിയഞ്ച് കോടി എൺപത്തിരണ്ട് ലക്ഷം രൂപയും സംസ്ഥാന വിഹിതം പതിനാല് കോടി ഇരുപത് ലക്ഷം രൂപയുമാണ്. |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | | | ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതിക്കായി (യു.ഐ.ഡി.എസ്.എസ്.എം.റ്റി) കേരളത്തിലെ 25 മുനിസിപ്പാലിറ്റികൾക്കായി നാനൂറ്റി ഇരുപത്തിയഞ്ച് കോടി എഴുപത്തൊമ്പത് ലക്ഷം രൂപയുടെ പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ട്. |
| (സി) | ഓരോ നഗരത്തിലും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.104 24-2-2009-ന് മറുപടിക്ക്

<u>നഗരസഭകളുടെയും മുനിസിപ്പാലിറ്റികളുടെയും അടിസ്ഥാന സൗകര്യ വികസനം</u>

ചോദ്യം

ഉത്തരം

ശ്രീ.പാലോളി മുഹമ്മദ്കുട്ടി,
(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി)

ശ്രീ.രാജു എബ്രഹാം;
ശ്രീ. എം.എം.മോനായി;
ശ്രീ.സി.കെ.പി.പത്മനാഭൻ;
ശ്രീ.വി.എൻ.വാസവൻ;
ശ്രീ.പി.വിശ്വൻ;

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്തെ നഗരസഭകളുടെയും മുനിസിപ്പാലിറ്റികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (ജെ.എൻ.എൻ.യു.ആർ.എം), അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ് (യു.ഐ.ഡി.എസ്.എസ്.എം.ടി) എന്നീ കേന്ദ്ര പദ്ധതികൾ നഗരസഭകളുടെ അടിസ്ഥാന/പശ്ചാത്തല വികസനത്തിനു വേണ്ടിയുള്ളവയാണ്. |
| ബി) | ദേശസാൽകൃത ബാങ്കുകൾ ചേർന്നു രൂപീകരിച്ച ഇൻഫ്രാസ്ട്രക്ച്ചർ ലീസിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസുമായി ഇതിനായി നടത്തിയ ചർച്ചയുടെ വിശദാംശം വെളിപ്പെടുത്തുമോ; | ബി) | ഇൻഫ്രാസട്രക്ച്ചർ ലീസിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസുമായി ഇക്കാര്യത്തിൽ കേരള സർക്കാർ സ്ഥാപനമായ കേരള അർബൻ ആന്റ് റൂറൽ ഡവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ ചർച്ച നടത്തിയിട്ടുണ്ട്. |

സി) എത്ര കോടി രൂപയാണ് സർക്കാർ വായ്പയെടുക്കുന്നത്;

സി) കൊച്ചി കോർപ്പറേഷൻ 152.05 കോടി രൂപയുടെ ലോണിനായി കേരള അർബൻ ആൻറ് റൂറൽ ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷനെ സമീപിച്ചിട്ടുണ്ട്.

ഡി) പദ്ധതി നടപ്പാക്കുന്നതിന് മുനിസിപ്പാലിറ്റികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

ഡി) ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് നഗരസഭകളെ ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്.എസ്.എം.ടി എന്നീ പദ്ധതയിൽ ഉൾപ്പെടുത്തുന്നത് ജെ.എൻ.എൻ.യു.ആർ.എം മാർഗ്ഗരേഖയനുശാസിക്കുന്ന പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരം എന്ന രീതിയിൽ കൊച്ചി കോർപ്പറേഷനും (തൃപ്പൂണിത്തുറ, കളമശ്ശേരി ഉൾപ്പെടെ), തലസ്ഥാന നഗരം എന്ന രീതിയിൽ തിരുവനന്തപുരം കോർപ്പറേഷനും ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തെ ബാക്കി 54 നഗരസഭകൾ യു.ഐ.ഡി.എസ്.എസ്.എം.ടി യിൽ ഉൾപ്പെട്ട് ധനസഹായം ലഭിക്കാനർഹരാണ് യു.ഐ.ഡി.എസ്.എസ്.എം.ടി. യിൽ പദ്ധതികൾ നടപ്പാക്കുന്നതിനായുള്ള വിശദ പദ്ധതി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് തുല്യ അവസരമാണ് നൽകിയിട്ടുള്ളത്.

— — — —

ഈ) ഏതെല്ലാം പദ്ധതികൾ നടപ്പാക്കുന്നതിനാണ് മുൻഗണന നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

ഇ) ഖരമാലിന്യ സംസ്ക്കരണ പദ്ധതികൾക്കാണ് പ്രഥമ മുൻഗണന നൽകുന്നത്. ഇതുകഴിഞ്ഞാൽ കുടിവെള്ള പദ്ധതി, സിവറേജ്, മലിനജല നിർമ്മാർജന പദ്ധതി (ഓടകളുടെ നിർമ്മാണം), റോഡുകളുടെ നിർമ്മാണം എന്നീ പദ്ധതികൾക്ക് യഥാക്രമം മുൻഗണന നൽകുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 105</u>

24.2.2009-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ.എം.കെ. പുരുഷോത്തമൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) 31-10-2008 ലെ സ.ഉ.(പി) 71/2008/മത്സ്യ നമ്പർ വിജ്ഞാപന പ്രകാരം കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. GO(P)No.1/2009/F&PD തിയതി 5.1.09 പ്രകാരം Justice K.K. ദിനേശൻ (റിട്ടയേർഡ് ജഡ്ജ്)- ചെയർമാനായും ഡോ.കെ.എസ്.പുരുഷൻ (റിട്ടയേർഡ് ഡീൻ ഫിഷറീസ് കോളേജ്), ശ്രീ.കൂട്ടായി ബഷീർ, ശ്രീ.പി.രാജു, ശ്രീ. എ. പി. ജയശീലൻ എന്നിവർ മെമ്പർമാരായുള്ള Kerala Fishermen Debt Relief commission - രൂപവത്ക്കരിച്ചു. 23-1-09 ൽ കമ്മീഷൻ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ഇങ്ങനെ രൂപംകൊണ്ട കടാശ്വാസ കമ്മീഷൻ മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, എന്നിവിടങ്ങളിൽ യഥാക്രമം 5-2-2009,6-2-2009,12-2-2009 എന്നീ തിയതികളിൽ സിറ്റിംഗും നടത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസത്തിനുള്ള 2 ലക്ഷം അപേക്ഷകൾ പ്രിന്റ് ചെയ്തു വിതരണം നടത്തിയിട്ടുണ്ട്. ഫെബ്രുവരി-18 വരെ അപേക്ഷാഫോറം വിതരണം ചെയ്യുന്നതിനും പൂരിപ്പിച്ച അപേക്ഷകൾ ഫെബ്രുവരി-28 വരെ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) കടാശ്വാസം ലഭിക്കുന്നതിന് ഇതിനകം എത്ര മത്സ്യത്തൊഴിലാളികൾ അപേക്ഷ നൽകിയിട്ടുണ്ട്; | ബി) കടാശ്വാസം ലഭിക്കുന്നതിന് 17-2-09 വരെ 17393 അപേക്ഷകൾ വിവിധ ജില്ലകളിൽ മത്സ്യത്തൊഴിലാളികൾ നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) ഏതു തീയതിവരെ എടുത്തിട്ടുള്ള കടങ്ങൾക്കാണ് ആശ്വാസം ലഭിക്കുന്നത്; | സി) 31-12-07 വരെയുള്ള കടങ്ങൾക്ക് ആശ്വാസം ലഭിക്കുന്നതിനാണ് കടാശ്വാസ കമ്മീഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| ഡി) ഒരാൾക്ക് പരമാവധി എത്ര രൂപയുടെ ആനുകൂല്യമാണ് നൽകുന്നത് എന്ന് അറിയിക്കുമോ; | ഡി) കമ്മീഷന്റെ ശുപാർശകളുടെയും നിയമത്തിലെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഒരാൾക്ക് നൽകാവുന്ന പരമാവധി ആനുകൂല്യം നിശ്ചയിക്കുന്നത്. |
| ഇ) കടാശ്വാസം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | ഇ) കടാശ്വാസം നല്കുന്നതിന് കമ്മീഷൻ ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു. 2 ലക്ഷം അപേക്ഷാഫോറം വിതരണം ചെയ്യുകയും പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. 28.2.2009 ആണ് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.106** **24.2.2009 -ൽ മറുപടിക്ക്**

**''സമഗ്ര'' യുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.കെ.സി.രാജഗോപാലൻ | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി | |
| (എ) | കുടുംബശ്രീ സംരംഭമായ ''സമഗ്ര''യുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | വിലയിരുത്തിയിട്ടുണ്ട് |
| (ബി) | ''സമഗ്ര'' ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്; പുതുതായി ഏതെല്ലാം പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് ; | (ബി) | വിവിധ ജില്ലകളിൽ ആരംഭിച്ച സമഗ്ര പദ്ധതികളുടെ വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br>അനുബന്ധം I ൽ കാണിച്ചിരിക്കുന്നവയ്ക്കു പുറമെ വിവിധ ജില്ലകളിലായി പഞ്ചായത്ത് തലത്തിൽ 42 ഓളം സമഗ്ര പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (സി) | പദ്ധതിക്കായി തദ്ദേശ സ്ഥാപനങ്ങൾ ഏതെല്ലാം സഹായങ്ങളാണ് നൽകുന്നത് ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടുകൾ ഏകോപിപ്പിച്ചു കൊണ്ട് ഉല്പാദന-വിപണന മേഖലയിലെ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന ആനുകൂല്യങ്ങൾ ഈ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ നല്കുന്നു. കൃഷി, മൃഗ സംരക്ഷണം, ഡയറി, ചെറുകിട വ്യവസായം, ചെറുകിട ജലസേചനം തുടങ്ങിയവയ്ക്കുള്ള ആനുകൂല്യങ്ങൾ എല്ലാം സമഗ്ര പ്രോജക്ടിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട് പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ട് വകയിരുത്തുകയും, പ്രസ്തുത പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം വാങ്ങുന്നതും പഞ്ചായത്തുകളാണ്. പദ്ധതിയിൽ വിഭാവനം ചെയ്യുന്ന തരത്തിലുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് പഞ്ചായത്തുകളാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളുമായുള്ള ഏകോപനം നടത്തുന്നതും പഞ്ചായത്തുകളാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായുള്ള മോണിറ്ററിംഗിൽ പഞ്ചായത്തുകൾ പ്രധാന പങ്ക് വഹിക്കുന്നു. മോണിറ്ററിംഗ് കമ്മിറ്റിയിൽ ബന്ധപ്പെട്ട പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും ഉൾപ്പെട്ടതായിരിക്കും. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക വിദഗ്ധരുടെ സഹായവും പഞ്ചായത്ത് കണ്ടെത്തി നല്കുന്നു. |
| (ഡി) | പദ്ധതി നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ; | (ഡി) | സമഗ്ര പ്രോജക്ടുകൾക്ക് ആവശ്യമുള്ള സാങ്കേതിക സഹായം പ്രോജക്ട് ഏത് മേഖലയിലാണോ ആ മേഖലയിലെ വകുപ്പ്, സ്ഥാപനം എന്നിവയിൽ നിന്ന് ലഭ്യമാക്കുന്നു. സമഗ്ര പദ്ധതികളുടെ |

| | | | |
|---|---|---|---|
| | | | ഫലപ്രദമായ നടത്തിപ്പിലേയ്ക്ക് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും വിവിധ ഡിസിപ്ലിനിലുള്ള കൺസൾട്ടന്റു മാരുടെ സേവനവും ലഭ്യമാക്കിയിട്ടു ണ്ട് |
| (ഇ) | എല്ലാ ജില്ലകളിലും ''സമഗ്ര''യുടെ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഇ) | എല്ലാ ജില്ലകളിലും വിവിധ ഇനം സമഗ്ര പദ്ധതികൾ നടപ്പിലാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | ''സമഗ്ര'' പദ്ധതികളിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (എഫ്) | വിവിധ ജില്ലകളിൽ നടപ്പിലാക്കി തുടങ്ങിയ പദ്ധതികളിൽ ഇതുവരെയായി തൊഴിൽ ലഭിച്ചവരുടെ എണ്ണം അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:107 **24/2/2009** ൽ മറുപടിയ്ക്ക്

### ശബരിഗിരി വൈദ്യുത പദ്ധതി

| ചോദ്യം<br>ശ്രീ. കെ. ശിവദാസൻ നായർ | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|
| എ) ശബരിഗിരി വൈദ്യുത പദ്ധതിയിൽ എത്ര ജനറേറ്ററുകളിലാണ് ഇപ്പോൾ ഉല്പാദനം നടക്കുന്നത്; | എ) മൂന്ന് ജനറേറ്ററുകളിൽ നിന്ന് വൈദ്യുതോല്പാദനം നടക്കുന്നുണ്ട്. |
| ബി) **തകരാറായ ജനറേറ്ററുകളുടെ കേടുപാടുകൾ പരിഹരിക്കുന്നത് എന്ന് പൂർത്തിയാക്കും;** | ബി) **അപകടത്തിൽ തകരാറായ ജനറേറ്റർ നമ്പർ 3** ന്റെ അറ്റകുറ്റപണികൾക്കായുള്ള ടെൻഡർ നടപടികൾ നടന്നുവരുന്നു. ടെൻഡർ നടപടികൾ കഴിഞ്ഞ് 6 മാസത്തിനകം ജോലികൾ പൂർത്തിയാകും. അപകടത്തിൽ പൂർണ്ണമായും പ്രവർത്തനരഹിതമായ ജനറേറ്റർ നമ്പർ 4 ന്റെയും പുനരുദ്ധാരണ ജോലികൾക്കായുള്ള ടെൻഡർ നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. ടെൻഡർ നടപടികൾ കഴിഞ്ഞ് 24 മാസത്തിനുള്ളിൽ ജോലികൾ പൂർത്തിയാകും. |
| സി) ജനറേറ്ററുകളുടെ പുനർനിർമ്മാണം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൂർണ്ണതോതിൽ പ്രവർത്തനം നിലച്ച നിലയം യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചതിന്റെ ഭാഗമായാണ് മൂന്നു ജനറേറ്ററുകൾ പ്രവർത്തനക്ഷമമായത്. |
| ഡി) ഉണ്ടെങ്കിൽ ഇത് വേഗത്തിലാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 108      24.02.2009-ൽ മറുപടിക്ക്

## മിനിമം വേതന പരിഷ്കരണ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എം. മോനായി<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. എ. എം. യൂസഫ് | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ വിഭാഗം തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ഫാർമസ്യൂട്ടിക്കൽ മേഖലയിലെ സെയിൽസ് പ്രൊമോഷൻ ജീവനക്കാരുടേയും, ഹോട്ടലുകളും, റസ്റ്റോറന്റുകളും ഉൾപ്പെടെയുള്ള കടകളും, വാണിജ്യ സ്ഥാപനങ്ങളും എന്നീ കമ്മിറ്റികളുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) ഫാർമസ്യൂട്ടിക്കൽ മേഖലയിലെ സെയിൽസ് പ്രൊമോഷൻ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിരക്കുകളും, ക്ഷാമബത്താ നിരക്കും, വാർഷിക ഇൻക്രിമെന്റ് നിരക്കുകളും സർവ്വീസ് വെയിറ്റേജും ശുപാർശ ചെയ്തിട്ടുണ്ട്.<br>ഹോട്ടലുകളും റസ്റ്റോറന്റുകളും ഉൾപ്പെടെയുള്ള കടകളും വാണിജ്യസ്ഥാപനങ്ങളും മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാന വേതനവും, ക്ഷാമബത്തയും പരിഷ്ക്കരിക്കുവാൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. സർവ്വീസ് വെയിറ്റേജ് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മേഖലയിൽ പ്രതിമാസം 100 രൂപ അധികവേതനം എന്നീ ശുപാർശകളും ഉണ്ട്. കൊറിയർ സ്ഥാപനങ്ങൾ, ഡി.റ്റി.പി സെന്ററുകൾ, ഇന്റർനെറ്റ് കഫേകൾ, ടെലിഫോൺ ബൂത്തുകൾ, കാറ്ററിംഗ് സർവ്വീസ്, ഹൗസ് ബോട്ട് സർവ്വീസ് എന്നീ മേഖലകളിൽ കൂടി മിനിമം വേതനം നിശ്ചയിക്കുവാനും പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന ശുപാർശകളും കൂടി റിപ്പോർട്ടിലുണ്ട്.<br>1. ഈ മേഖലയിലെ തൊഴിലുടമകൾക്കും, തൊഴിലാളികൾക്കും ഒരു പെരുമാറ്റച്ചട്ടം (കോഡ് ഓഫ് കോൺടാക്റ്റ്) രൂപീകരിക്കുക.<br>2. ഒരു പ്രത്യേക വെൽഫയർ ഫണ്ട് അനുവദിക്കുക.<br>3. സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് (കണ്ടീഷൻ ഓഫ് സർവ്വീസ്) ആക്റ്റ് 1976 ലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുക. |

4. ഈ വിഭാഗം തൊഴിലാളികളുടെ യാത്രാ സമയത്ത് അപകടങ്ങൾ വരുന്നത് സാധാരണയാണ്. ഇത്തരം കേസുകൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ തീർപ്പാക്കണമെന്ന് വർക്ക്മെൻ കോമ്പൻസേഷൻ കമ്മീഷണർക്ക് ആവശ്യമായ നിർദ്ദേശം നൽകുക.
5. പ്രോവിഡന്റ് ഫണ്ട് ആക്ട് കൃത്യമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുക.
6. നിയമാനുസൃതമായ ജോലി സമയം നിശ്ചയിക്കുക.

| | |
|---|---|
| (സി) പുതുതായി ഏതെല്ലാം മേഖലകളിൽ മിനിമം കൂലി ഏർപ്പെടുത്താനാണ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്; റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (സി) ഡി.റ്റി.പി. സെന്റർ, ഇന്റർനെറ്റ് കഫെ, ടെലിഫോൺ ബൂത്ത്, കൊറിയർ സർവ്വീസ്, കാറ്ററിംഗ് സർവ്വീസ്, ഹൗസ് ബോട്ട് സർവ്വീസ് എന്നീ മേഖലകളിൽ കൂടി മിനിമം കൂലി ഏർപ്പെടുത്തണമെന്ന് ഹോട്ടലുകളും റസ്റ്റോറന്റുകളും ഉൾപ്പെടെ കടകളും വാണിജ്യ സ്ഥാപനങ്ങളും മേഖലയിലെ മിനിമം വേജസ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഫാർമസ്യൂട്ടിക്കൽ മേഖലയിലെ സെയിൽസ് പ്രൊമോഷൻ മിനിമം വേതന കമ്മിറ്റി പ്രസ്തുത മേഖലയിലെ സെയിൽസ് പ്രൊമോഷൻ ജീവനക്കാർക്ക് മിനിമം കൂലി ഏർപ്പെടുത്തുവാനും ശുപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) മിനിമം വേതന വർദ്ധന എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ? | (ഡി) റിപ്പോർട്ടുകൾ പരിശോധിച്ച് അതിന്മേലുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് വേതന വർദ്ധനവ് നടപ്പിൽ വരുന്നതാണ്. വിവിധ മേഖലകൾക്ക് വ്യത്യസ്ത തീയതി മുതലാണ് കുറഞ്ഞ കൂലി പ്രാബല്യത്തിലുള്ളത്. |

സെക്ഷൻ ഓഫീസർ

— — —

## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:109</u> 24-02-2009-ൽ മറുപടിക്ക്

### ആറളത്ത് ഭൂരഹിതരുടെ പുനരധിവാസം

| | ചോദ്യം | മറുപടി |
|---|---|---|
| ശ്രീ. സി.കെ.പി.പത്മനാഭൻ<br>ശ്രീ.പി.ജയരാജൻ<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ | | ശ്രീ.എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ) | ആറളത്ത് ഭൂരഹിതരുടെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | ആറളത്ത് ഭൂരഹിതരുടെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ താഴെ പറയുന്നു.<br>1) പുനരധിവസിപ്പിച്ചിട്ടുള്ള കുടുംബങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും അവരുടെ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുമായി ആറളം ഫാമിൽ ഒരു സ്പെഷ്യൽ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. 6 പട്ടികവർഗ്ഗ പ്രൊമോട്ടർമാർ പുനരധിവാസ മേഖലയിൽ പ്രവർത്തിക്കുന്നു.<br>2) റേഷൻ കാർഡില്ലാത്ത എല്ലാ കുടുംബങ്ങൾക്കും ബി.പി.എൽ. റേഷൻ കാർഡ് നൽകുന്നതിനും ഒരു റേഷൻ കട തുടങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആകെ 226 കുടുംബങ്ങൾക്ക് ബി.പി.എൽ. റേഷൻ കാർഡ് വിതരണം ചെയ്തിട്ടുണ്ട്.<br>3) പഞ്ചായത്ത് നമ്പരിട്ടിട്ടില്ലാത്ത വീടുകൾക്ക് നമ്പരിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>4) പുനരധിവാസ ഭൂമിയിൽ എത്തിയിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും കുടിൽ നിർമ്മാണത്തിനായി 3000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്.<br>5) ഭൂമി വിതരണം നടത്തിയിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിനും, വീട് വയറിംഗ് ചെയ്യുന്നതിനും, കുടിവെള്ള വിതരണത്തിനും, വിവിധ ട്രേഡുകളിൽ പരിശീലനം നടത്തുന്നതിനുള്ള 29.339 കോടി രൂപയുടെ ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതികൾ 20 മാസത്തിനകം പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചിട്ടുണ്ട്. പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു.<br>6) ആറളം അപ്പർ പ്രൈമറി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് ഒരു മിനി ബസ് വാങ്ങി നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | 7) ആറളത്ത് പുനരധിവസിപ്പിച്ചിട്ടുള്ള പട്ടികവർഗ്ഗ കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും ക്ഷേമത്തിനായി 7 അംഗൻവാടികൾ പുനരധിവാസ പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട്.<br>8) പുനരധിവാസ മേഖലയിലുള്ള റോഡ് പുനരുദ്ധരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.<br>9) പുനരധിവാസ പ്രദേശത്തുള്ള എല്ലാ കുടുംബങ്ങൾക്കും കാർഷികോപകരണങ്ങൾ വിതരണം നടത്തി വരുന്നു.<br>10) ആറളം യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനും വൈദ്യുതീകരിക്കുന്നതിനും മതിയായ ഫർണിച്ചർ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>11) പുനരധിവാസ പ്രദേശത്തുള്ള കക്കുവ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>12) വനം വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ആറളം ഫാം എന്നിവ സംയുക്തമായി ആദിവാസി കുടുംബങ്ങൾക്കായി ബോധവൽക്കരണ ക്ലാസ് നടത്തുന്നതിനും കുട്ടികൾക്ക് പ്രകൃതി പഠന ക്യാമ്പ് നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി | ആറളം ഫാമിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട് ; കൂടുതൽ പേർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | ആറളം ഫാമിൽ സർവ്വേ ചെയ്ത് തിരിച്ചിട്ടുള്ള 2557 ഒരേക്കർ പ്ളോട്ടുകളിൽ 2335 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ പേർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| സി | ആറളത്ത് പുനരധിവസിപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം അനുവദിച്ചിട്ടുണ്ടോ ; എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും എന്ന് അറിയിക്കുമോ ; | പുനരധിവസിപ്പിച്ചിട്ടുള്ള/പുനരധിവസിപ്പിക്കുന്ന 2557 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം അനുവദിച്ചിട്ടുണ്ട്. |
| ഡി | പുനരധിവസിപ്പിക്കപ്പെട്ടവർക്ക് കുടിവെള്ളം, വൈദ്യുതി, ആശുപത്രി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഉണ്ട്. എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാൻ കിണർ കുഴിക്കുന്നതിന് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കീഴ്പ്പള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് കീഴിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുകയും ആദിവാസി പുനരധിവാസ മിഷൻ ഫണ്ടിൽ നിന്നും ഇതിനായി ഒരു ജീപ്പ് വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 110 24-02-09 ൽ മറുപടിക്ക്

**ഭൂമി രജിസ്ട്രേഷൻ രേഖകളുടെ ഏകീകരണവും പരിഷ്കരണവും**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീമതി.ഇ.എസ്. ബിജി മോൾ :<br>ശ്രീ.എൻ.അനിരുദ്ധൻ:<br>ശ്രീ.വി.എസ്.സുനിൽ കുമാർ:<br>ശ്രീ.രാജാജി മാത്യു തോമസ് :<br>ശ്രീ.പി.തിലോത്തമൻ : | ശ്രീ.എസ്.ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഇൻഡ്യയൊട്ടാകെ ഭൂമി രജിസ്ട്രേഷനും രേഖകളും ഏകീകരിക്കുകയും പരിഷ്കരിക്കുകയും ചെയ്യുന്ന കേന്ദ്ര പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; | (എ) ഇൻഡ്യയൊട്ടാകെ ഭൂമി രജിസ്ട്രേഷനും രേഖകളും ഏകീകരിക്കുകയും പരിഷ്കരിക്കുകയും ചെയ്യുന്ന കേന്ദ്ര പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നതിനു തിരുവനന്തപുരം ജില്ലയിലെ ചാല സബ് രജിസ്ട്രാർ ഓഫീസിൽപ്പെടുന്ന തൈക്കാട് വില്ലേജ് തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; സംസ്ഥാനത്ത് ഈ പദ്ധതി പ്രായോഗികമാണെന്ന് കരുതുന്നുണ്ടോ ? | (ബി) ഈ പദ്ധതി പ്രകാരം റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പരിപാടിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ പദ്ധതി പ്രകാരം ഭൂമി സംബന്ധമായ വിവിധ സേവനങ്ങൾ ഒരു കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്ന രീതിയാണ് ഈ പദ്ധതിയിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുകയാണെങ്കിൽ ഈ പദ്ധതി സംസ്ഥാനത്ത് ജനോപകാരപ്രദമായി നടത്താൻ കഴിയും. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം : 111 — 24-02-2009-ൽ മറുപടിക്ക്

## സി.എഫ്. എൽ. വിതരണം ചെയ്യുവാനുള്ള പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ.എൻ. ജയരാജ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ. വൈദ്യുതി ഉപഭോഗം കുറയ്ക്കുവാൻ സി. എഫ്. എൽ. വിതരണം ചെയ്യുവാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;<br><br>ബി. ഇല്ലെങ്കിൽ ഈ പദ്ധതി എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ ; | എ. & ബി. | വൈദ്യുതി ഉപഭോഗം കുറയ്ക്കുവാൻ സാധാരണ ബൾബുകൾ മാറ്റി ഗുണമേന്മയുള്ള പത്തു ലക്ഷം സി.എഫ്.എൽ. വിതരണം ചെയ്യാനുള്ള പദ്ധതി വൈദ്യുതി ബോർഡ് അംഗീകരിച്ചിട്ടുണ്ട്. സി.എഫ്. എൽ. വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുത ഗതിയിൽ നടന്നു വരുന്നു. |
| സി. ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | സി. | ഈ പദ്ധതി പ്രകാരം നിലവിൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടില്ലാത്ത ഗാർഹിക ഉപഭോക്താക്കളിൽപ്പെടുന്ന<br><br>1. മുഴുവൻ എസ്. സി./എസ്.റ്റി. കുടുംബങ്ങൾക്കും.<br><br>2.സമ്പൂർണ്ണ ഊർജ്ജ സാക്ഷരതാ മിഷൻ പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ ബി.പി.എൽ. കുടുംബങ്ങൾക്കും.<br><br>3. ദ്വൈമാസ സ്പോട്ട് ബിൽ കാലഘട്ടത്തിൽ വൈദ്യുത ഉപഭോഗത്തിൽ 10% കുറവ് വരുത്തുന്ന (ചുരുങ്ങിയത് 8 യൂണിറ്റ്) ഉപഭോക്താക്കൾക്കും സൗജന്യമായി സി.എഫ്.എൽ. നൽകുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 112 24.02.2009-ൽ മറുപടിയ്ക്ക്

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി

ചോദ്യം

ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :

മറുപടി

ശ്രീ.എ.കെ.ബാലൻ
(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടം വരെയായി ;

(എ) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി കേരളത്തിലെ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള അംഗീകാരം റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ നിന്നും ലഭിച്ചു. ഇതിൽ ഇടുക്കി ജില്ലയിൽ മാത്രമേ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുള്ളൂ. പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

ബാക്കി ആറു ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള അനുമതി ആർ. ഇ. സി.യിൽ നിന്നും ലഭിക്കേണ്ടതാണ്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ എന്നീ ജില്ലകളിൽ ആർ.ജി.ജി.വി.വൈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തത്വത്തിലുള്ള അംഗീകാരം ആർ.ഇ.സിയിൽ നിന്നും ലഭിച്ചു. എന്നാൽ ഇടുക്കി ജില്ല ഒഴിച്ചുള്ള ബാക്കി 13 ജില്ലകളിൽ 11-ാം പഞ്ചവത്സര പദ്ധതിയുടെ 2-ാം ഭാഗത്തിൽ മാത്രമേ

| | | | |
|---|---|---|---|
| | | | പരിഗണിക്കുകയുള്ളൂ എന്ന് ആർ.ഇ. സിയിൽ നിന്നും അറിയിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് പദ്ധതി അനിശ്ചിതത്വത്തിലാണ്. |
| (ബി) | മേൽ പദ്ധതി നടത്തിപ്പിനായി ഇതു വരെ എത്ര തുക സംസ്ഥാന സർക്കാരിന് ലഭിച്ചു ; | (ബി) | ഇടുക്കി ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി, 5.12 കോടി രൂപ ആദ്യ ഗഡുവായി കെ.എസ്.ഇ.ബി.ക്ക് ലഭിച്ചു. |
| (സി) | പ്രസ്തുത പദ്ധതിപ്രകാരം ഏതെങ്കിലും ജില്ലയിൽ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (സി) | ഇടുക്കി ജില്ലയിലെ 7 വില്ലേജുകളിൽ പദ്ധതിയുമായി ബന്ധപ്പെട്ട വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. വില്ലേജുകളുടെ പേര് താഴെ ചേർക്കുന്നു.<br>1. കഞ്ഞിക്കുഴി<br>2. ഇടുക്കി<br>3. മജുമല<br>4. തങ്കമണി<br>5. ആനവിലാസം<br>6. കുടയത്തൂർ<br>7. കൊന്നത്തടി |
| (ഡി) | പ്രസ്തുത പദ്ധതിപ്രകാരം ആദ്യഘട്ട വൈദ്യുതീകരണത്തിന് ഏതൊക്കെ ജില്ലകളെയാണ് തെരഞ്ഞെടുത്തത് ; മുൻഗണനാക്രമത്തിൽ ജില്ലകൾ ഏതൊക്കെയെന്ന് അറിയിക്കുമോ ? | (ഡി) | രണ്ടു ഘട്ടമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള അംഗീകാരം ലഭിച്ചത്. പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടില്ല. |

K. Meera Rani

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 113      24.02.2009-ൽ മറുപടിക്ക്

## സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിൽ ചൂഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. വി ചെന്താമരാക്ഷൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിൽ വൻതോതിൽ തൊഴിൽ ചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ലേബർ എൻഫോഴ്സ്മെന്റ് വിഭാഗം ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഓരോ വിഭാഗം തൊഴിലാളിക്കും മിനിമം വേതനം കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ; | (സി) സ്ഥാപനങ്ങളിലെ പരിശോധനാ വേളയിൽ മിനിമം വേതനം പ്രഖ്യാപിക്കപ്പെട്ട മേഖലകളിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് തൊഴിൽ വകുപ്പ് അധികൃതർ ഉറപ്പുവരുത്താറുണ്ട്. |
| (ഡി) സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയ്ക്കായി നടപടി സ്വീകരിക്കുമോ? | (ഡി) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 114 — 24.2.2009-ൽ മറുപടിക്ക്

## മത്സ്യവിതരണ തൊഴിലാളികളുടെ ആനുകൂല്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ടി. അഹമ്മദ് അലി<br>ശ്രീ.യു.സി. രാമൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യവിതരണ തൊഴിലാളികൾക്കു നൽകുന്ന പെൻഷൻ തുക എത്രയാണ്; | എ) മത്സ്യവിതരണ തൊഴിലാളികൾക്കു നൽകുന്ന പെൻഷൻ തുക 1-9-06 മുതൽ 200/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| ബി) ഇത് കാലോചിതമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ; | ബി) യും സി) യും<br>മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളികൾക്ക് പ്രതിമാസം 75/- രൂപ നിരക്കിലാണ് പെൻഷൻ നൽകിവന്നിരുന്നത്. അസംഘടിത വിഭാഗക്കാരുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 1-9-06 മുതൽ ഈ തുക 200/-രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട് |
| ഡി) മത്സ്യവിതരണ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ എന്തു സഹായമാണ് ഇപ്പോൾ നൽകുന്നത്; ഇതു വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ ക്ഷേമനിധി ബോർഡു മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ ആശ്രിതർക്ക് ധനസഹായം നൽകുന്നു. അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് ഒരു ലക്ഷം രൂപയും, സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 50,000/- രൂപയും ഇൻഷ്വറൻസ് ധനസഹായമായി നൽകുന്നുണ്ട്. ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുവാൻ സർക്കാരം ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 115 — 24-02-09 -ൽ മറുപടിക്ക്.

## <u>മദ്യനയം</u>

| <u>ചോദ്യം:</u> | | <u>ഉത്തരം</u> | |
|---|---|---|---|
| ശ്രീ. കെ. എം. മാണി | | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള മദ്യനയം സർക്കാർ തീരുമാനിച്ചോ; | (എ) | 13-02-09-ലെ ജി.ഒ.(എം.എസ്) 27/09/നി.വ. പ്രകാരം 2009-2010-ലെ അബ്കാരി നയം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നയത്തിൽ കൂടുതലായി എത്ര വിദേശമദ്യഷാപ്പുകളും കള്ളുഷാപ്പുകളും അനുവദിക്കുന്നതിന് തീരുമാനിച്ചു; | (ബി) | പുതിയ വിദേശമദ്യഷാപ്പുകളും, കള്ളുഷാപ്പുകളും ആരംഭിക്കുന്നത് സംബന്ധിച്ച് അബ്കാരി നയത്തിൽ പ്രത്യേകമായി തീരുമാനമെടുത്തിട്ടില്ല. |
| (സി) | ഈ വർഷം എത്ര ബാർ ലൈസൻസുകൾ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | (സി) | അബ്കാരി നയത്തിൽ ബാർ ലൈസൻസുകൾ എത്ര നൽകുമെന്ന് മുൻകൂട്ടി നിശ്ചയിക്കാറില്ല. നിയമാനുസൃതം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. |
| (ഡി) | ബാർ ലൈസൻസിന്റെ ഫീസ് പുനർനിർണ്ണയിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | പുതിയ മദ്യനയത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | 2009-2010-ലെ അബ്കാരി നയത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ആഫീസർ

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - അബ്കാരി നയം 2009-10 - ഉത്തരവ് പുറപ്പെടുവിക്കുന്നു.
നികുതി (ജി) വകുപ്പ്

ജി.ഒ. (എംഎസ്) നം. 27/09/നി.വ. തിരുവനന്തപുരം, തീയതി 13-02-09.
പരാമർശം:-1. ജി.ഒ. (എംഎസ്) നം. 38/08/നി.വ. തീയതി 29-02-08.
2. എക്സൈസ് കമ്മീഷണറുടെ 17-11-08ലെ എക്സ്.എ.1/26000/08 നമ്പർ കത്ത്.
3. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 04-11-08ലെ KSBC/FM/40/08-09/469 നമ്പർ കത്ത്.

**ഉത്തരവ്**

പരമ്പരാഗതവും തൊഴിലധിഷ്ഠിതവുമായ ഒരു വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതും അതോടൊപ്പം വ്യാജമദ്യത്തിന്റെ ഉല്പാദനം, വിപണനം, സ്പിരിറ്റ് കടത്ത്, സെക്കൻറ്സ് വില്പന, മദ്യമയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനം എന്നിവ പൂർണ്ണമായി തടയുന്നതിന് ഉതകുന്നതുമായ ഒരു അബ്കാരി നയമാണ് സർക്കാർ തുടർന്നു വരുന്നത്. എൻഫോഴ്സ്മെൻറ് ശക്തിപ്പെടുത്തിയതിന്റെ ഫലമായി സ്പിരിറ്റു കടത്ത്, വ്യാജമദ്യത്തിന്റെ ഉല്പാദനം, വിപണനം തുടങ്ങിയ ഈ രംഗത്തെ അനാശാസ്യ പ്രവണതകൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നിരന്തരമായ റിവ്യൂ യോഗങ്ങളും ജില്ലാ കളക്ടർമാരുടെയും പോലീസ് ഡിപ്പാർട്ടുമെൻറിന്റെയും എക്സൈസ് വകുപ്പിന്റെയും സഹായത്തോടുകൂടി ഉത്സവകാലത്തെ റെയ്ഡുകളും മറ്റും നടത്തിയതിന്റെ ഫലമായിട്ടാണ് ഇത് കഴിഞ്ഞിട്ടുള്ളത്. എക്സൈസ് ഡിപ്പാർട്ടുമെൻറിന്റെ കാര്യക്ഷമതയും ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിച്ച് എൻഫോഴ്സ്മെൻറ് നടപടികൾ ശക്തിപ്പെടുത്തുന്നതാണ്. എക്സൈസിന്റെ ജില്ലാതല സംവിധാനം പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻഫോഴ്സ്മെൻറ് നടപടികൾ ശക്തിപ്പെടുത്താനാവശ്യമായ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മദ്യപാനാസക്തിക്കെതിരെയും മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ബോധവത്ക്കരണ പരിപാടികൾ നടത്താനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കള്ളു വ്യവസായ രംഗത്തു നിന്നും ബിനാമികളെ പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള നടപടികൾ സർക്കാർ തുടരും.

**കള്ള് ചെത്ത് മേഖല**

1) 2008-09 വർഷം പ്രവർത്തിച്ചിരുന്ന എല്ലാ കള്ള് ഷാപ്പുകളും 2009 -10 വർഷവും പ്രവർത്തിക്കാൻ അനുവദിക്കുന്നതാണ്. എന്നാൽ 2008-09 വർഷം വില്പന നടത്തുകയും ലൈസൻസികൾ നടത്തുവാൻ തയ്യാറാകാത്തതുമായ കള്ളുഷാപ്പുകളും 2009-10 വർഷത്തിൽ നടത്തുവാൻ അനുവദിക്കുന്നതാണ്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ മുഴുവൻ കള്ളുഷാപ്പുകളും എറണാകുളം ജില്ലയിലെ മാമല, പെരുമ്പാവൂർ, പിറവം എന്നീ റേഞ്ചുകളിലെ കള്ളുഷാപ്പുകളും തുടർന്നും സഹകരണസംഘങ്ങൾ തന്നെ നടത്താൻ അനുവദിക്കുന്നതാണ്. തൊഴിലാളി സഹകരണ സംഘങ്ങൾ പ്രവർത്തിക്കാത്ത ജില്ലകളിൽ മുൻവർഷത്തെപ്പോലെ തന്നെ 5 മുതൽ 7 വരെ ഷാപ്പുകൾ

അടങ്ങുന്ന ഗ്രൂപ്പുകളായി വിൽപ്പന നടത്തുന്നതാണ്. അപ്രകാരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിൽപ്പന നടത്താൻ കഴിയാതെ വന്നാൽ റേഞ്ച് അടിസ്ഥാനത്തിലോ താലൂക്ക് അടിസ്ഥാനത്തിലോ വിൽപ്പന നടത്തും. എന്നിട്ടും വിൽക്കപ്പെടാത്ത ഷാപ്പുകൾ തൊഴിലാളികളുടെ കമ്മിറ്റിക്ക് നൽകുന്നതാണ്.

2) കള്ളുഷാപ്പുകളുടെ റെൻറൽ തുക 2009-10 അബ്കാരി വർഷം 2008-09 വർഷത്തെ അപേക്ഷിച്ച് 10% കുറയ്ക്കുന്നതാണ്.
3) തൊട്ടുമുമ്പുള്ള 3 വർഷം തുടർച്ചയായി കള്ളുഷാപ്പുകൾ നടത്തിയ വ്യക്തികൾക്ക് ലൈസൻസ് അനുവദിക്കുന്ന കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. അബ്കാരി കേസുകളിൽ ഉൾപ്പെടുകയും പിന്നീട് കുറ്റക്കാരല്ലെന്ന് കണ്ട് വെറുതെ വിടുകയും ചെയ്യപ്പെട്ടവർക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അബ്കാരി ആക്ട് 56-ാം വകുപ്പ് ഒഴികെയുള്ള വകുപ്പുകൾ പ്രകാരം കേസുകൾ നിലവിലുള്ളവർക്ക് ലൈസൻസിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
4) ഒരു കള്ളുഷാപ്പിനുവേണ്ടി ചെത്തേണ്ട വൃക്ഷങ്ങളുടെ എണ്ണം മുൻവർഷത്തേത് പോലെ തുടരും. വൃക്ഷങ്ങൾക്ക് വൃക്ഷക്കരം അടയ്ക്കുകയും അത്രയും വൃക്ഷങ്ങൾ ചെത്തുകയും ചെയ്താൽ മാത്രമേ കള്ളിന് **Inter Division Transportation permit** അനുവദിക്കുകയുള്ളൂ.
5) ഒന്നിലധികം പേർ ചേർന്ന് ഒരു ഗ്രൂപ്പിൽപ്പെട്ട കള്ളുഷാപ്പുകൾ ഏറ്റെടുക്കുകയും അതിൽ ഒരാൾ മരിച്ചുപോകുകയും ചെയ്താൽ മരിച്ച ആളിൻെറ അനന്തരാവകാശികൾക്ക് ഷാപ്പുകൾ നടത്തുവാൻ താത്പര്യമില്ലെങ്കിലോ, നിശ്ചിത സമയ പരിധിക്കകം അവർ മുന്നോട്ട് വന്നില്ലെങ്കിലോ അവശേഷിക്കുന്ന ലൈസൻസികൾക്ക് തുടർന്ന് ഷാപ്പ് നടത്തുന്നതിനുള്ള അനുവാദം നൽകുന്നതാണ്. ഇതിലേയ്ക്കായി ഷോപ്പ് ഡിസ്പോസൽ റൂൾ 5 (18) - ൽ ആവശ്യമായ ഭേദഗതി വരുത്തും. ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ 3 മാസത്തിൽ അധികരിക്കാത്ത കാലം ഷാപ്പ്, ഗ്രൂപ്പിലെ മറ്റു ലൈസൻസികൾ നടത്തുന്നതിന് അനുവാദം നൽകുന്നതാണ്.
6) കള്ളുഷാപ്പ് നടത്തിപ്പിൽ ബിനാമി സമ്പ്രദായം കർശനമായി ഇല്ലാതാക്കുന്നതാണ്. കള്ളുഷാപ്പുകളിൽ യഥാർത്ഥ കള്ളുതന്നെ വില്പന നടത്തുന്നു എന്നുറപ്പു വരുത്തും.
7) കള്ളുവ്യവസായ തൊഴിലാളിക്ഷേമനിധി ബോർഡ് നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തി ഒരു പ്രത്യേക സഹായ നിധി രൂപീകരിച്ച് ചെത്തുതൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതും അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതുമാണ്.
8) കള്ളുഷാപ്പുകൾ വൃത്തിയുള്ള അന്തരീക്ഷത്തിൽ നടത്തുന്നുവെന്ന് ഉറപ്പു വരുത്തുന്നതാണ്.
9) സഹകരണ സംഘങ്ങളുടെ അപ്പക്സ് ബോഡി രൂപീകരിച്ച് കേന്ദ്രസംഘത്തിന് മധുരക്കള്ള് ഉൽപ്പാദിപ്പിക്കാൻ അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## വിദേശ മദ്യം

1) വിദേശ മദ്യത്തിൻെറ **strength variance (spirit-** ൻെറ അളവിൽ വരുന്ന മാറ്റം) നിലവിൽ ഒരു ശതമാനം V/V ആണ്. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻേറർഡ്സ് നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം ഇത് 3% V/V ആയി ഉയർത്തുന്നതാണ്. ഇതിനായി വിദേശമദ്യ ചട്ടത്തിലെ റൂൾ 2 - ൽ ആവശ്യമായ ഭേദഗതി വരുത്തും.
2) എക്സൈസ് വകുപ്പിൻെറ ഭരണ നിയന്ത്രണത്തിൽ കൊണ്ടുവന്ന ചിറ്റൂരിലെ ചിക്കോപ്പിൽ ആധുനിക സജ്ജീകരണങ്ങളോടെ വില കുറഞ്ഞ വിദേശമദ്യത്തിൻെറ ഉൽപ്പാദനം കെ.എസ്.ബി.സി.യുടെ ആഭിമുഖ്യത്തിൽ ആരംഭിക്കും. ചിക്കോപ്പിനോടൊപ്പം എക്സൈസിൻെറ ഭരണ നിയന്ത്രണത്തിൽ വന്ന തിരുവല്ലയിലെ **TSCL** - ൽ വൈവിദ്ധ്യവൽക്കരണം നടപ്പിലാക്കുന്നതാണ്. അതിൻെറ ഭാഗമായി "ഹെനി", "മിനറൽ വാട്ടർ" എന്നിവ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാൻറുകൾ സ്ഥാപിക്കും.
3) പ്ലാസ്റ്റിക്ക് ബോട്ടിലുകളുടെ ഉപയോഗം ഘട്ടം ഘട്ടമായി നിർത്തൽ ചെയ്യുന്നതാണെന്നും ആദ്യപടിയായി 750 മി.ലി. പ്ലാസ്റ്റിക്ക് ബോട്ടിലുകൾ 01-04-09 മുതൽ നിർത്തൽ ചെയ്യുന്നതാ

ണെന്നും തീരുമാനിച്ചിരുന്നു. ഗ്ലാസ് ബോട്ടിലുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് ഈ തിരുമാനം നടപ്പിലാക്കുന്നതിനുള്ള സമയ പരിധി 31-03-2010 വരെ ദീർഘിപ്പിക്കുന്നതാണ്.

4) വിശേഷ പരിപാടികൾക്ക് മാത്രമായി അനുവദിക്കുന്ന FL 6 ലൈസൻസ് നൽകുന്നതിന് 2008-09 വർഷത്തിന് മുൻപുള്ള വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതാണ്. എന്നാൽ അത്തരം ലൈസൻസികൾക്കുള്ള ഫീസ് മുൻ വർഷങ്ങളെപ്പോലെ തന്നെ 25000/ രൂപയായി തുടരുന്നതാണ്.

5) FL Rule 19 പ്രകാരമുള്ള പാർട്ട്ണർഷിപ്പ് പുനഃസംഘടനയ്ക്ക് 2 സ്റ്റാർ ക്ലാസിഫിക്കേഷൻ നിർബന്ധമാണ്. ഏതെങ്കിലും ഒരു പാർട്ട്ണർ മരണപ്പെട്ടാൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി പാർട്ട്ണർഷിപ്പ് പുനഃസംഘടിപ്പിക്കാൻ സ്റ്റാർ പദവി ഇല്ലാത്ത ഹോട്ടലുകളെയും അനുവദിക്കുന്നതാണ്. ഇപ്രകാരം പാർട്ട്ണർഷിപ്പ് പുനഃസംഘടിപ്പിക്കുന്നതിനും പേര് മാറ്റുന്നതിനുമുള്ള ഫീസ് 2 ലക്ഷം രൂപയായിരിക്കും.

6) വിലകുറഞ്ഞ മദ്യത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. **Distillery & Warehouse Rules** പ്രകാരമുള്ള ഫീസുകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

7) മദ്യത്തിന് അടിമപ്പെട്ട് രോഗികളായി മാറിയവരുടെ ആരോഗ്യസംരക്ഷണം സാമൂഹ്യ ബാദ്ധ്യതയായി സർക്കാർ കരുതുന്നു. അതു നിറവേറ്റുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്.

8) വിദേശ മദ്യഷോപ്പുകൾക്ക് ലൈസൻസ് പുതുക്കുന്ന അവസരത്തിൽ കെട്ടിടം ഉടമകളുടെ സമ്മതപത്രം വേണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതാണ്.

9) **FL- 4** ക്ലബ് ലൈസൻസികൾക്ക് നിലവിലുള്ള ഫീസായ 6 ലക്ഷം രൂപ 8 ലക്ഷം രൂപയായി ഉയർത്തുന്നതാണ്.

10) റെസ്റ്റോറന്റുകളിൽ വിദേശമദ്യം വിളമ്പുന്നതിനുള്ള അഡീഷണൽ ഫീസ് നിലവിലുള്ള 10,000/- രൂപയിൽ നിന്നും 25,000/- രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.മാര പാണ്ഡ്യൻ
പ്രിൻസിപ്പൽ സെക്രട്ടറി.

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ. എസ്. ബി. സി., തിരുവനന്തപുരം
ജനറൽ അഡ്മിനിസ്ട്രേഷൻ (എസ് സി) വകുപ്പ്.(**Item No.3077**)
നികുതി (എ) & (എഫ്) വകുപ്പ്.
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (**For wide publicity**).
അക്കൗണ്ടന്റ് ജനറൽ, എ& ഇ / ആഡിറ്റ്, കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : 116 | 24-02-2009-ൽ മറുപടിക്ക്

## സി.എഫ്. എൽ. സൗജന്യമായി നൽകാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. അബ്ദുറഹ്മാൻ രണ്ടത്താണി<br>ശ്രീ. പി.കെ. അബ്ദുറബ്ബ് | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പുമന്ത്രി ) |
| (എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നവർക്ക് സി. എഫ്. എൽ. സൗജന്യമായി നൽകാനുള്ള പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) നിലവിൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടില്ലാത്ത ഗാർഹിക ഉപഭോക്താക്കളിൽപ്പെടുന്ന<br><br>1)എല്ലാം എസ്.സി./എസ്.ടി കുടുംബങ്ങൾക്കും<br><br>2) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ ബി.പി.എൽ കുടുംബങ്ങൾക്കും<br><br>3) 2009 ഫെബ്രുവരി മുതൽ മേയ് വരെയുള്ള രണ്ട് ദ്വൈമാസ ബില്ലിംഗ് കാലയളവിൽ വൈദ്യുത ഉപഭോഗത്തിൽ 10% കുറവു വരുത്തുന്ന (ചുരുങ്ങിയത് 8 യൂണിറ്റ്) ഉപഭോക്താക്കൾക്കും സൗജന്യമായി സി.എഫ്. എൽ. നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എത്ര ബൾബുകൾ വാങ്ങുമെന്നും എത്ര തുക വിനിയോഗിക്കുമെന്നും വെളിപ്പെടുത്തുമോ; | (ബി) | ഇതിലേക്കായി 10 ലക്ഷം സി.എഫ്.എൽ. വാങ്ങി വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന് 6.35 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ബൾബുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്.<br>29-10-2008-ന് ടെണ്ടർ ക്ഷണിച്ചിരുന്നു. ഇതിൽ 9 കമ്പനികൾ പങ്കെടുത്തു. ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്റ്റാർലൈറ്റ് എന്ന കമ്പനിയ്ക്ക് കരാർ നൽകാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് ബൾബുകൾ നൽകുന്നതിൽ മുൻഗണന നൽകുമോ; | (ഡി) | സമ്പൂർണ്ണ ഊർജ്ജസുരക്ഷാമിഷൻ പദ്ധതി പ്രദേശങ്ങളിലെ വൈദ്യുതീകരിച്ച ബി.പി.എൽ. കുടുംബങ്ങൾക്കും സി.എഫ്.എൽ. സൗജന്യമായി നൽകും. |
| (ഇ) | ബൾബുകൾ നൽകുക വഴി വൈദ്യുതി ഉപഭോഗത്തിൽ ദിനംപ്രതി എത്ര യൂണിറ്റ് വൈദ്യുതിയുടെ കുറവു ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഇ) | സൗജന്യമായി നൽകുന്ന സി.എഫ്. എൽ. സാധാരണ ബൾബുകൾക്ക് പകരമായി ഉപയോഗപ്പെടുത്തുമ്പോൾ വൈകുന്നേരത്തെ വൈദ്യുതി ആവശ്യകതയിൽ 60 മെഗാവാട്ടിന്റെ കുറവും പ്രതിമാസ വൈദ്യുത ഉപഭോഗത്തിൽ 7.5 ദശലക്ഷം യൂണിറ്റിന്റെ കുറവും പ്രതീക്ഷിക്കുന്നുണ്ട്. ഉപഭോഗം കുറച്ച് സൗജന്യമായി സി.എഫ്.എൽ. ലഭിയ്ക്കാൻ ഗാർഹിക ഉപഭോക്താക്കൾ നടത്തുന്ന ശ്രമത്തിന്റെ ഭാഗമായുണ്ടാകുന്ന വൈദ്യുതിയുടെ കുറവ് ഈ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.117. 24-2-2009- ൽ മറുപടിയ്ക്ക്

മത്സ്യകേരളം പദ്ധതി

ചോദ്യം
ശ്രീ.ജോർജ് മേഴ്സിയർ :

മറുപടി
ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യകേരളം പദ്ധതിവഴി സംസ്ഥാനത്ത് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കുവാനാണ് ഉദ്ദേശിക്കുന്നത് ; ഇതിനുള്ള ചെലവ് എത്രയാണ് ; | (എ) മത്സ്യകേരളം പദ്ധതി വഴി സംസ്ഥാനത്ത് താഴെ കൊടുക്കുന്ന നേട്ടങ്ങൾ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു.<br>1. നിലവിലുള്ള ഉൾനാടൻ മത്സ്യോല്പാദനം 0.75 ലക്ഷം ടണ്ണിൽനിന്നും 2 ലക്ഷം ടൺ ആയി വർദ്ധിപ്പിക്കുക.<br>2. കേരളത്തിലെ സംസ്ക്കരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുക.<br>3. മത്സ്യക്കയറ്റുമതിയും കയറ്റുമതി വരുമാനവും വർദ്ധിപ്പിക്കുക.<br>4. ആവശ്യക്കാർക്കെല്ലാം ആദായനിരക്കിൽ ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുക.<br>5. ഗ്രാമപഞ്ചായത്തുകളെ ഉൾനാടൻ മത്സ്യോല്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക.<br>6. 250 കോടി രൂപയുടെ അധിക വരുമാനമുണ്ടാക്കുക.<br>പദ്ധതിയുടെ മൊത്തം ചെലവ് 71 കോടി രൂപയാണ്. അതിൽ 24 കോടി രൂപ മത്സ്യകർഷകർക്കുള്ള സബ്സിഡിയാണ്. |
| (ബി) ആ തുക എപ്രകാരം ആണ് കണ്ടെത്തുന്നത് ; | (ബി) ഉൾനാടൻ മത്സ്യ/ചെമ്മീൻ കൃഷി വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം (എഫ്.എഫ്.ഡി.എ/ബി.എഫ്.എഫ്.ഡി.എ പദ്ധതികൾക്കായി) കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുകയും സംസ്ഥാനസർക്കാരിൻെറ പ്രത്യേക ധനസഹായവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ഫണ്ടും ചേർത്താണ് പദ്ധതി തുക കണ്ടെത്തുന്നത്. |

| | |
|---|---|
| (സി) എത്ര ഗ്രാമങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത് ; ഇതിന്റെ ഭാഗമായി എത്ര മത്സ്യകർഷക ക്ളബ്ബുകളാണ് സ്ഥാപിക്കുന്നത് ; | (സി) സംസ്ഥാനത്ത് ജലാശയങ്ങൾ ലഭ്യമായ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. ഇതിനകം 915 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 729 മത്സ്യകർഷക ക്ളബ്ബുകൾ രൂപീകരിച്ചു കഴിഞ്ഞു. |
| (ഡി) ഇതിനുവേണ്ടി എത്ര അക്വാകൾച്ചറൽ കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുത്തിട്ടുണ്ട് ; അവരിൽ പരമ്പരാഗതമായി മത്സ്യത്തൊഴിലാളികളായ കുടുംബങ്ങളിൽ നിന്നുള്ളവർ എത്ര പേരുണ്ട് ? | (ഡി) അതാത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിൽപ്പെട്ട ഒരു വ്യക്തിയെ അക്വാകൾച്ചർ കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സർക്കാർ പദ്ധതിയിലൂടെ നിർദ്ദേശം നൽകിയിരുന്നു. അതുപ്രകാരം ഇതിനകം 697 അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ അതാതു തദ്ദേശഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവരിൽ പരമ്പരാഗതമായി മത്സ്യത്തൊഴിലാളികളായ കുടുംബങ്ങളിൽ നിന്നുള്ളവർ 76 പേരുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 118

24. 2. 2009-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത

**ചോദ്യം**

ശ്രീ. തോമസ് ചാണ്ടി
ശ്രീ.കെ.കെ. ഷാജു

**മറുപടി**

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു
മന്ത്രി)

എ) മത്സ്യസമ്പത്ത് വ്യാപകമായി കുറഞ്ഞ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത പൂർണ്ണമായി എഴുതി തള്ളുന്നതിന് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

എ) മത്സ്യസമ്പത്ത് കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ മത്സ്യബന്ധനയാനങ്ങളുടെ എണ്ണം കൂടിവരുന്നതിനാൽ ഓരോ യാനത്തിനും ലഭിക്കുന്ന മത്സ്യത്തിന്റെ അളവിൽ കുറവു വന്നിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ 31.12.07 വരെയുള്ള കടങ്ങളാണ് കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പരിശോധനയ്ക്ക് വരുന്നതായി കടാശ്വാസ കമ്മീഷൻ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

കടബാദ്ധ്യതമൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ മദ്ധ്യസ്ഥതയിലൂടെയും, അനുരഞ്ജനത്തിലൂടെയും പരിഹരിക്കുന്നതിനും കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനുമായാണ് കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനെ നിയമിച്ചിട്ടുള്ളത്. കമ്മീഷന്റെ പ്രവർത്തനം 23-1-09 ൽ ആരംഭിക്കുകയുണ്ടായി. കടാശ്വാസം സംബന്ധിച്ച ആനുകൂല്യത്തിന്റെ തോത് ബന്ധപ്പെട്ട ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളനുസരിച്ച് കമ്മീഷനാണ് ശുപാർശ ചെയ്യുന്നത്.

ബി) മത്സ്യത്തൊഴിലാളികളിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള മുഴുവൻ കടങ്ങളും എഴുതി തള്ളുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ബി) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിലെ സെക്ഷൻ 2(V) പ്രകാരമുള്ള കടങ്ങളാണ് കമ്മീഷൻ പരിശോധിക്കുന്നത്. കടാശ്വാസം സംബന്ധിച്ച് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾക്കു വിധേയമായി സർക്കാർ ഇതു സംബന്ധിച്ച തീരുമാനം സ്വീകരിക്കുന്നത്.

Shiju Kumar
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:119    24 2 2009 ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ ഊർജ്ജ ഉല്പാദനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഊർജ്ജ ഉല്പാദനത്തിന്റെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ;<br><br>(ബി) ഉല്പാദനവുമായി തട്ടിച്ചു നോക്കുമ്പോൾ എത്രത്തോളം ഊർജ്ജ പ്രതിസന്ധിയിലാണ് സംസ്ഥാനമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) സംസ്ഥാനത്തെ ജലവൈദ്യുതി നിലയങ്ങളിൽ നിന്ന് 2007-08 ജലവർഷത്തിൽ ആകെ 8300 **മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ** കഴിഞ്ഞിരുന്നു. എന്നാൽ ഈ വർഷം മഴയുടെ ലഭ്യതക്കുറവുമൂലം ഉദ്ദേശം 4900 മില്യൺ യൂണിറ്റ് വൈദ്യുതിക്കുള്ള വെള്ളം മാത്രമാണ് ആകെ ലഭ്യമായിട്ടുള്ളത്. 18/2/2009 ലെ കണക്കനുസരിച്ച് കേരളത്തിലെ ജലസംഭരണികളിലെ ആകെ ജല ലഭ്യത 2170 മില്യൺ യൂണിറ്റ് വൈദ്യുതിക്കുള്ളതാണ്. **കഴിഞ്ഞ വർഷം ഇതേ ദിവസം 2547 മില്യൺ യൂണിറ്റ് വൈദ്യുതിക്കുള്ള** വെള്ളം നമ്മുടെ ജലസംഭരണികളിലുണ്ടായിരുന്നു.<br><br>**ജൂൺ 1 ന് വേണ്ട കരുതൽ ശേഖരം** മാറ്റിയാൽ പ്രതിദിനം 16 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും എന്നാണ് ബോർഡ് കണക്കാക്കിയിരിക്കുന്നത്. കേരളത്തിലെ താപനിലയങ്ങളായ ഡീസൽ നിലയങ്ങളിൽ നിന്നും 2.5 മെഗായൂണിറ്റും സംയുക്ത നിലയങ്ങളിൽ നിന്നും 7 ദശലക്ഷം യൂണിറ്റും ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്രപൂളിൽ നിന്നും പ്രതിദിനം 20 ദശലക്ഷം യൂണിറ്റ് ലഭ്യമാവുകയും നിലവിലുള്ള നിയന്ത്രണങ്ങൾ തുടരുകയും ചെയ്താൽ വേനൽക്കാലത്ത് ഉണ്ടാകാവുന്ന ഏകദേശം 47 ദശലക്ഷം യൂണിറ്റിന്റെ പ്രതിദിന വൈദ്യുതാവശ്യകത നിറവേറ്റാൻ പുറത്തുനിന്നും ട്രേഡിംഗ് കമ്പനികൾ വഴിയും പവർ എക്സ്ചേഞ്ച് വഴിയും ലഭ്യമാകുന്ന വൈദ്യുതി കൂടി വാങ്ങേണ്ടതുണ്ട്. |

(സി) ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ ഇതിനകം സ്വീകരിച്ചതെന്നും ഇനിയും എന്തെല്ലാമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

(സി) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ശക്തമായ ഹ്രസ്വകാല, **ദീർഘകാല** നടപടികൾ **സർക്കാർ** സ്വീകരിച്ചിട്ടുണ്ട്. ഹ്രസ്വകാല നടപടികളുടെ ഭാഗമായി വൈദ്യുതി **സംരക്ഷണ** പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. ഇതിന്റെ ഭാഗമായി വൈദ്യുതി സംരക്ഷണ സന്ദേശം വ്യാപകമായി പ്രചരിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. ദൃശ്യമാധ്യമങ്ങൾ അടക്കമുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ ഊർജ്ജ സംരക്ഷണ സന്ദേശം പ്രചരിപ്പിച്ചു. ഇത്തരം നടപടികളിലൂടെ **പീക്ക്‌ലോഡ് സമയത്ത്** ഉദ്ദേശം 150 മെഗാവാട്ടോളം വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ 2007-08 വർഷത്തിൽ സാധിക്കുകയുണ്ടായി. **സംസ്ഥാനത്തിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര** സർക്കാരിന്റെ അവാർഡ് ലഭിച്ചത് ഊർജ്ജ സംരക്ഷണ രംഗത്തെ മികച്ച പ്രവർത്തനത്തിന്റെ ഭാഗമായാണ്.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 10 ലക്ഷം സി.എഫ്.എൽ. വിളക്കുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് കെ.എസ്.ഇ.ബി തീരുമാനിച്ചിട്ടുണ്ട്.

പ്രസരണ വിതരണ നഷ്ടം കുറച്ച് വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിനും നല്ല പ്രാധാന്യമാണ് നൽകി വരുന്നത്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 24.6% പ്രസരണ-വിതരണ നഷ്ടം ഉണ്ടായിരുന്നത് ഇപ്പോൾ 21% ത്തിലേക്ക് കുറച്ചിട്ടുണ്ട്. അത് 2011 ഓടെ 15% ത്തിലെത്തിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഇതോടൊപ്പം വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ഫലപ്രദമായ ഇടപെടലാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി നടന്നുവരുന്ന വൈദ്യുതി പദ്ധതികളുടെ പണി ത്വരിതപ്പെടുത്തുകയും, പുതിയ പദ്ധതികൾ ഏറ്റെടുത്തും വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് **ശക്തമായ** നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

1. കുറ്റ്യാടി ടെയിൽ റേസ് 3.75 **മെഗാവാട്ട്**, നേര്യമംഗലം എക്സ്റ്റൻഷൻ 25 മെഗാവാട്ട് **എന്നീ** പദ്ധതികൾ കമ്മീഷൻ ചെയ്തു. കുറ്റ്യാടി

അഡീഷണൽ എക്സ്റ്റൻഷൻ 100 മെഗാവാട്ട് 2000 മെയ് മാസത്തിൽ പൂർത്തിയാകും.

പള്ളിവാസൽ എക്സ്റ്റൻഷൻ 60 മെഗാവാട്ട്, തോട്ടിയാർ 40 മെഗാവാട്ട്, റാന്നി പെരുനാട് 4 മെഗാവാട്ട് എന്നീ പദ്ധതികൾ പണി തുടങ്ങി.

പൂഴിത്തോട് 4.8 മെഗാവാട്ട്, ചെങ്കുളം ഓഗ്മെന്റേഷൻ എന്നിവ ഉടൻ പണിയാരംഭിക്കും. അതിരപ്പള്ളി 163 മെഗാവാട്ട് പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം നേടി ടെണ്ടർ ചെയ്തെങ്കിലും ഹൈക്കോടതിയിൽ കേസ്സ് വന്നതിനാൽ തുടർ നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്.

132 മെഗാവാട്ടിന്റെ 11 പദ്ധതികൾ ഉടൻ ടെണ്ടർ ചെയ്യാൻ കഴിയും. 300 മെഗാവാട്ടിന്റെ 21 പദ്ധതികളുടെ ഡിപിആർ തയ്യാറാക്കി വരുകയാണ്. ഇതു കൂടാതെ 500 മെഗാവാട്ടോളം വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വരുന്ന 10 വർഷത്തിനുള്ളിൽ ഇവയും ഏറ്റെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. പാരമ്പര്യേതര ഊർജ്ജ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കാറ്റിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. ഇതിന്റെ ഭാഗമായി പാലക്കാട് അട്ടപ്പാടിയിലും, ഇടുക്കി രാമക്കൽമേട്ടിലുമായി 33.3 മെഗാവാട്ട് വൈദ്യുതി കാറ്റാടി നിലയങ്ങളിൽനിന്നും ഉൽപാദിപ്പിച്ചു. വരുന്ന 2 വർഷത്തിനുള്ളിൽ കുറഞ്ഞത് 100 മെഗാവാട്ട് കാറ്റിൽ നിന്നും ഉൽപാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

3. സ്വകാര്യ മേഖലയിലെ വൈദ്യുതി ഉൽപാദനത്തിനും പ്രോൽസാഹനം നൽകി പാലക്കാട് സ്വകാര്യ വ്യവസായ സ്ഥാപനത്തോടനുബന്ധിച്ച് 10 മെഗാവാട്ട് ക്യാപ്റ്റീവ്-കോ ജനറേഷൻ പ്ലാന്റ് കമ്മീഷൻ ചെയ്തു. പത്തനംതിട്ട ജില്ലയിൽ സ്വകാര്യ മേഖലയിൽ അള്ളുങ്കൽ ജലവൈദ്യുതി പദ്ധതി (7 മെഗാവാട്ട്) കമ്മീഷൻ ചെയ്തു. കാരിക്കയം (15

മെഗാവാട്ട്), ഇരുട്ടുകാനം (3 മെഗാവാട്ട്) എന്നിവയുടെ പണി നടക്കുകയാണ്.

4. കേരളത്തിന് ഒറീസ്സ, ഗുജറാത്ത് സംസ്ഥാനങ്ങളോടൊപ്പം ഒറീസ്സയിലെ ബൈതരണിയിൽ ഒരു കൽക്കരിപ്പാടം കേന്ദ്രസർക്കാർ അനുവദിച്ചു. ഇവിടെ നിന്നും 1000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള കൽക്കരി കേരളത്തിന് കിട്ടും. ഇതിനാവശ്യമായ ഖനന കമ്പനി രൂപീകരിച്ചു. നടപടികൾ ആരംഭിച്ചു.

5. കാസർഗോഡ് ചീമേനിയിൽ 2400 മെഗാവാട്ടിന്റെ ഒരു സൂപ്പർ താപനിലയം സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു. പദ്ധതിക്കാവശ്യമായ 2000 ഏക്കർ ഭൂമി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

ഇങ്ങനെ മൊത്തത്തിൽ 10 വർഷം കൊണ്ട് 4000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 120    24-2-2009 ൽ മറുപടിയ്ക്ക്**

## പുതിയ ചെറുകിട ജല വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ബാബു<br>,, എം.എ. വാഹിദ്<br>,, വർക്കല കഹാർ | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) ഈ വർഷവും അടുത്ത വർഷവും ഏതെല്ലാം പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ആരംഭിക്കുന്നതെന്നു വെളിപ്പെടുത്താമോ;<br>ബി) ഈ വർഷം തുടങ്ങുന്ന ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഉല്പാദനക്ഷമത എത്ര മെഗാവാട്ട് വീതമായിരിക്കും; | എ) & ബി) 2008-09 വർഷത്തിൽ 4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള റാന്നി-പെരുനാട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2009-2010 വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) ആ പദ്ധതികളുടെ പണിക്കുള്ള ടെൻഡർ വിളിച്ചുവോ;<br>ഡി) എങ്കിൽ ആരെല്ലാം ക്വട്ടേഷൻ സമർപ്പിച്ചു;<br>ഇ) ഓരോരുത്തരും ക്വാട്ട് ചെയ്ത തുകയെത്ര വീതമാണ് എന്ന് അറിയിക്കുമോ? | സി) ഡി) & (ഇ) റാന്നി-പെരുനാട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ടെണ്ടർ സമർപ്പിച്ചവരുടെ വിശദാംശങ്ങൾ താഴെപറയും പ്രകാരമാണ്. |

| പദ്ധതി | കരാറുകാർ | ദർഘാസിൽ രേഖപ്പെടുത്തിയ മൂല്യം (രൂപ) |
|---|---|---|
| റാന്നി - പെരുനാട് | പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനി - ഫ്ളോവൽ മെക്കാനിക്സ് എനർജി പ്രൈവറ്റ് ലിമിറ്റഡ് കൺസോർഷ്യം | 36,26,52,657 |

| | | |
|---|---|---|
| റാന്നി – പെരുന്നാട് | കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് – കിർലോസ്കർ കൺസ്ട്രക്ഷൻ ആന്റ് എനർജി ലിമിറ്റഡ് – ആദ്യകോൺ കൺസോർഷ്യം | 31,00,02,660 |
| റാന്നി – പെരുന്നാട് | M/S പി. & ആർ ഇൻഫ്രാ പ്രോജക്ട്സ് ലിമിറ്റഡ് | (പ്രീ ക്വാളിഫൈ ചെയ്യാത്തതിനാൽ ഫൈനാൻസ് ബിഡ് തുറന്നില്ല) |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.